

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

## 5. ചാതുർവർണ്യവും പുരുഷാർഥങ്ങളും

# സമ്പൂർണ്ണകൃതികൾ: ഭാഗം V

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


5 ചാതുർവർണ്ണ്യവും പുരുഷാർത്ഥങ്ങളും . . . . . . . 1

1 കുലധർമ്മവും വർണ്ണധർമ്മവും . . . . 2

2 വർണ്ണങ്ങളുടെ ഉൽപത്തി . . . . . . 3

3 ഉയർന്ന വർണ്ണവും താണ വർണ്ണവും . 4

4 അസമത്വത്തിലെ സങ്കീർണ്ണതകൾ . 5

5 അടിമയും ഉടമയും . . . . . . . . . . 6

6 രാജാവിന്റെ ഉത്ഭവം . . . . . . . . . 7

7 ദണ്ഡനീതി . . . . . . . . . . . . . . 8

8 പുരുഷാർത്ഥങ്ങൾ . . . . . . . . . . 9

9 കർമ്മവും പുനർജന്മവും . . . . . . . 10

10 മാനസിക സംഘർഷങ്ങൾ . . . . . 11

# 5

# ചാതുർവർണ്യവും പുരുഷാർത്ഥങ്ങളും

മഹാഭാരതത്തിലും അതിന്റെ ഒരു ഭാഗമായ ഭഗവദ്ഗീതയിലും പ്രാചീന ഭാരതീയരുടെ കുലഗോത്രവ്യവസ്ഥ വർണ്ണവ്യവസ്ഥയായി രൂപാന്തരപ്പെട്ടതെങ്ങനെ എന്നതിനെപ്പറ്റിയുള്ള ചില സൂചനകളുണ്ട്. സുപ്രസിദ്ധമായ കുരുക്ഷേത്രത്തിലെ യുദ്ധക്കളത്തിൽവെച്ച് ശ്രീകൃഷ്ണൻ അർജ്ജുനന് നൽകിയ തത്വോപദേശങ്ങളാണ് ഭഗവദ്ഗീതയിലെ ഉള്ളടക്കം. യുദ്ധം തുടങ്ങാൻ പോവുകയാണ്. ഒരു ഭാഗത്ത് പാണ്ഡവന്മാർ; മറുഭാഗത്ത് കൗരവന്മാർ. പാണ്ഡവന്മാരുടെ വീരസേനാനിയായ അർജ്ജുനൻ മറുചേരിയിൽ അട്ടഹസിച്ചുകൊണ്ട് നിൽക്കുന്ന ശത്രുക്കളുടെ നേർക്ക് ഒന്നു കണ്ണോടിച്ചു നോക്കി. ഉടനെ അദ്ദേഹത്തിന്റെ ശരീരത്തിലാകെ ഒരു വിറ കയറി, അവയവങ്ങളെല്ലാം തളർന്നുപോയി. മനസ്സിടറി. കൈയിൽ പിടിച്ചിരുന്ന വില്ല് താനെ നിലത്തുവീണു.

അനേകം യുദ്ധങ്ങളിൽ വിജയം നേടിയ വീരശൂരപരാക്രമിയായ അർജ്ജുനന് എന്തുപറ്റി? ആയുധധാരികളായി യുദ്ധത്തിനു തയ്യാറെടുത്തു നിൽക്കുന്ന കൗരവന്മാരെ കണ്ടപ്പോൾ അദ്ദേഹം ഭയപ്പെട്ടു പോയോ? പെട്ടെന്ന് അദ്ദേഹം ഒരു ഭീരുവായി തീർന്നുവോ? അതാകാൻ വഴിയില്ല. എന്തുതന്നെയായാലും, അർജ്ജുനന്റെ മേൽ ഒരിക്കലും ഭീരുത്വം ആരോപിക്കാൻ വയ്യ. പിന്നെ എന്താണുണ്ടായത്?

## 1 കുലധർമ്മവും വർണ്ണധർമ്മവും

കൗരവന്മാർ ശത്രുക്കളാണ്, സംശയമില്ല. പക്ഷേ, അവർ സ്വന്തം കുലത്തിൽപ്പെട്ടവരാണ്, സ്വജനങ്ങളാണ്, ബന്ധുക്കളാണ്. അവരെ കൊല്ലാൻ താൻ തയ്യാറില്ല എന്ന് അദ്ദേഹം കൃഷ്ണന്റെ മുഖത്തുനോക്കി പറഞ്ഞു:

> "ഏവർക്കു വേണ്ടിയാണോ ഞങ്ങൾ രാജ്യവും ഭോഗങ്ങളും സുഖങ്ങളും കാംക്ഷിക്കുന്നത് ആ ആചാര്യന്മാരും പിതാക്കന്മാരും പുത്രന്മാരും പിതാമഹന്മാരും മാതുലന്മാരും ശ്വശുരന്മാരും പൗത്രന്മാരും സ്യാലന്മാരും മറ്റു ബന്ധുക്കളും ഇതാ ജീവനും ധനവും എല്ലാം ഉപേക്ഷിച്ച് യുദ്ധം ചെയ്യാൻ വേണ്ടി പോർക്കളത്തിൽ വന്നു നിൽക്കുന്നു. അല്ലയോ കൃഷ്ണാ! എന്നെ ഇവർ കൊന്നാലും ശരി, ഇവരെ കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ത്രൈലോകാധിപത്യം തന്നെ കിട്ടിയാലും ശരി, ഞാനിവരെ ഒരിക്കലും കൊല്ലുകയില്ല. ഈ ഭൂമിക്കു വേണ്ടിയാകുമ്പോൾ പിന്നെ പറയേണ്ടതുണ്ടോ?" [1]

സ്വജനങ്ങളെ കൊല്ലുന്നവന് എങ്ങനെയാണ് സുഖം ലഭിക്കുക? കൗരവന്മാർ എന്തു വേണമെങ്കിലും ചെയ്യട്ടെ. അവരുടെ മനസ്സ് ലോഭംകൊണ്ടു നിറഞ്ഞിരിക്കുന്നു. സ്വന്തം കുലത്തെ നശിപ്പിക്കുന്നത് പാപമാണെന്ന് അവർ കാണുന്നില്ല. പക്ഷേ, കുലക്ഷയത്തിനു മുതിരുന്നതും സ്വജനങ്ങളെ കൊല്ലുന്നതും പാപമാണെന്ന് നമ്മളെങ്കിലും മനസ്സിലാക്കേണ്ടതല്ലേ? "കുലം ക്ഷയിച്ചാൽ സന്താനങ്ങളായ കുലധർമ്മങ്ങളും നശിക്കും. ധർമ്മം നശിച്ചാൽ കുലത്തെയാകെ അധർമ്മം ബാധിക്കും. സിംഹാസനത്തിനും സുഖത്തിനും വേണ്ടി സ്വജനങ്ങളെ കൊല്ലാൻ മുതിരുന്നത് എത്ര വലിയ പാപമാണ്!" [2]

അർജ്ജുനന്റെ സുഹൃത്തും തേരാളിയുമെന്ന നിലയിൽ പാണ്ഡവന്മാരെ വിജയിപ്പിക്കാൻ വേണ്ടി ഒരുങ്ങി പുറപ്പെടുന്ന കൃഷ്ണന് ഈ വാദങ്ങളെല്ലാം കേട്ടിട്ട് ഒരു കുസലുമുണ്ടായില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കർമ്മത്തിൽ നിന്നു വ്യതിചലിക്കുന്നതാണ് പാപം. "അതുകൊണ്ട് നിയതമായ കർമ്മം ചെയ്യുക. കർമ്മം അകർമ്മത്തേക്കാൾ മഹത്താണ്. കർമ്മം ചെയ്യാതെ ശരീരത്തെ നിലനിർത്താൻ പോലും കഴിയില്ല". [3] അർജ്ജുനന്റെ മനസ്സ് വിഷമിക്കുന്നതു കാണാൻ കൃഷ്ണന് സാധിക്കുന്നുണ്ട്. പക്ഷേ, അതു വെറും ചാഞ്ചല്യമാണ്; ഹൃദയത്തിന്റെ ദൗർബല്യമാണ്. ദൗർബല്യം പരിഹരിക്കാൻ ഒരൊറ്റ വഴിയേയുള്ളു: "ആസക്തി കൂടാതെ കർമ്മം ചെയ്യുക. ആസക്തി കൂടാതെ കർമ്മം ചെയ്യുന്നവന് പരമമായ പദവി ലഭിക്കും". [4]

കർമ്മം എന്ന വാക്കിന് പ്രവൃത്തി എന്നാണർത്ഥം. പക്ഷേ, എല്ലാ തരം പ്രവൃത്തികളേയും കൃഷ്ണൻ ഉദ്ദേശിക്കുന്നില്ല. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വർണ്ണങ്ങൾക്കും പ്രത്യേകം പ്രത്യേകം കർമ്മങ്ങളുണ്ട്. ഓരോ വർണ്ണത്തിനും വിധിക്കപ്പെട്ട കർമ്മം ചെയ്യണം. അതാണ് സ്വധർമ്മം അല്ലെങ്കിൽ സ്വന്തം വർണ്ണത്തിന്റെ ധർമ്മം. കൃഷ്ണൻ അർജ്ജുനനെ സമാധാനിപ്പിക്കുന്നതു നോക്കുക:

> "സ്വധർമ്മത്തെ ഓർത്തിട്ടെങ്കിലും വിഷമിക്കാതിരിക്കുക. ക്ഷത്രിയന് ധർമ്മയുദ്ധത്തേക്കാൾ ശ്രേയസ്സായി മറ്റൊന്നുമില്ല". [5]

യുദ്ധത്തിൽ സ്വജനങ്ങളെ കൊല്ലുന്നതു പാപമല്ല. എന്തെന്നാൽ, യുദ്ധമാണ് ക്ഷത്രിയന്റെ ധർമ്മം. ഭാഗ്യമുള്ള ക്ഷത്രിയന്മാർക്ക് മാത്രമേ യുദ്ധം ചെയ്യാൻ അവസരം ലഭിക്കൂ. അവരുടെ മുമ്പിൽ സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നുകിടക്കുന്നു. ഈ ധർമ്മയുദ്ധം ചെയ്തില്ലെങ്കിൽ സ്വധർമ്മവും കീർത്തിയും നശിക്കും. യുദ്ധം ചെയ്യാതിരിക്കലാണ് പാപം. യുദ്ധത്തിൽ കൊല്ലപ്പെട്ടാൽ സ്വർഗ്ഗം; ജയിച്ചാൽ ഭൂമിയുടെ ആധിപത്യം. [6]

ഓരോ വർണ്ണത്തിന്റെയും നൈസർഗ്ഗികമായ സ്വഭാവഗുണങ്ങൾക്കനുസരിച്ചാണ് കർമ്മങ്ങൾ വിധിക്കപ്പെട്ടിട്ടുള്ളത്. [7] ശമം (മനസ്സിനെ നിയന്ത്രിക്കൽ), ദമം (പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിക്കൽ), തപസ്സ്, പരിശുദ്ധി, ക്ഷമാശീലം സ്ഥൈര്യം, ആർജവം, വിജ്ഞാനം, ആസ്തിക്യം — ഇവയാണ് ബ്രാഹ്മണന്റെ നൈസർഗ്ഗിക സ്വഭാവത്തിനു യോജിച്ച കർമ്മങ്ങൾ. ശൗര്യം, തേജസ്സ്, സ്ഥിരത, ധൈര്യം, യുദ്ധത്തിൽ നിന്ന് ഓടിപ്പോകാതിരിക്കൽ, ദാനം, ആധിപത്യഭാവം — ഇവയാണ് ക്ഷത്രിയന്റെ നൈസർഗ്ഗികസ്വഭാവത്തിൽ നിന്ന് ഉളവാകുന്ന കർമ്മങ്ങൾ. കൃഷിയും ഗോരക്ഷയും വാണിജ്യവും വൈശ്യന്റെ കർമ്മങ്ങളാണ്. മറ്റു വർണ്ണത്തിൽ പെട്ടവരെ പരിചരിക്കലാണ് ശൂദ്രന്റെ നൈസർഗ്ഗികമായ കർമ്മം. [8] ഓരോരുത്തനും തന്റെ സ്വന്തം വർണ്ണത്തിന്റെ കർമ്മം, അതായത് സ്വധർമ്മം അനുഷ്ഠിക്കണം. സ്വധർമ്മം ഗുണമില്ലാത്തതായാൽ പോലും അത് നല്ല പോലെ അനുഷ്ഠിക്കപ്പെടുന്ന പരധർമ്മത്തേക്കാൾ ശ്രേയസ്കരമാണ്. സ്വഭാവനിയതമായ കർമ്മം ചെയ്യുന്നവന് പാപമുണ്ടാവില്ല. [9]

അർജ്ജുനനും കൃഷ്ണനും തമ്മിലുള്ള ഈ വാദപ്രതിവാദം വ്യത്യസ്തങ്ങളായ രണ്ടു സാമൂഹ്യവ്യവസ്ഥകളുടെ ധാർമ്മികമൂല്യങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. ധർമ്മത്തെ രണ്ടുപേരും മുറുകെപിടിക്കുന്നു. അധർമ്മത്തെ രണ്ടുപേരും വെറുക്കുന്നു. പക്ഷേ, അർജ്ജുനൻ കുലധർമ്മത്തിലാണ് ഊന്നുന്നത്. കൃഷ്ണൻ വർണ്ണധർമ്മത്തിലും. അർജ്ജുനൻ സ്വന്തം കുലത്തോടും സ്വജനങ്ങളോടും ബന്ധുക്കളോടും ഉള്ള കടമകൾ ഉയർത്തിപ്പിടിക്കുന്നു. കൃഷ്ണൻ വർണ്ണങ്ങളുടെ കടമകളെപ്പറ്റിയാണ് ഉൽഘോഷിക്കുന്നത്. അർജ്ജുനന്റെ അഭിപ്രായത്തിൽ കുലധർമ്മം സനാതനമാണ്; സ്വജനഹത്യ പാപമാണ്. കൃഷ്ണന്റെ അഭിപ്രായത്തിലാകട്ടെ, കുലധർമ്മത്തേക്കാൾ വർണ്ണധർമ്മമാണ് മേലെ; സ്വജനങ്ങളാണോ അന്യകുലജാതരാണോ എന്നൊന്നും നോക്കാതെ ശത്രുക്കളെ സംഹരിക്കുകയാണ് ക്ഷത്രിയന്റെ ധർമ്മം. യുദ്ധത്തിൽ നിന്ന് ഒളിച്ചോടി പോകുന്നതാണ് പാപം. അർജ്ജുനൻ തകർന്നുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയുടെ വക്താവായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. കൃഷ്ണൻ ഭാവിക്കുവേണ്ടി, വളർന്നുകൊണ്ടിരിക്കുന്ന ചാതുർവർണ്യത്തിനുവേണ്ടി, നിലകൊള്ളുന്നു.

മൂന്നാം അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചതുപോലെ, ആര്യന്മാർ ഇന്ത്യയിൽ കുടിയേറി പാർത്ത കാലത്ത് അവരുടെ ഇടയിൽ വർണ്ണവ്യത്യാസങ്ങളുണ്ടായിരുന്നില്ല. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ കുലങ്ങളായും ഗോത്രങ്ങളായും ഗണങ്ങളായും ആണ് അവർ ജീവിച്ചിരുന്നത്. കുലഗോത്രവ്യവസ്ഥ തകരുകയും വർണ്ണവ്യവസ്ഥ തലപൊക്കുകയും ചെയ്തത് നീണ്ട കാലത്തെ സാമൂഹ്യവളർച്ചയുടെ ഫലമായിട്ടാണ്.

---

1. യേഷാമർഥേ കാംക്ഷിതം നോ രാജ്യം ഭോഗാ സുഖാനി ച
   ത ഇമേവസ്ഥിതാ യുദ്ധേ പ്രാണാംസ്ത്യക്ത്വാ ധനാനി ച
   ആചാര്യാഃ പിതരഃ പുത്രാസ്തഥൈവ ച പിതാമഹാഃ
   മാതുലാഃ ശ്വശുരാഃ പൗത്രാഃ സ്യാലാഃ സംബന്ധിനസ്തഥാ
   ഏതാന്ന ഹന്തുമിച്ഛാമി ഘ്നതോങ്കപി മധുസൂദന
   അപി ത്രൈലോക്യരാജ്യസ്യ ഹേതോഃ കിം നു മഹീകൃതേ
   — ഭഗവദ്ഗീത I, 33, 34, 35.
2. കുലക്ഷയേ പ്രണശ്യന്തി കുലധർമാഃ സനാതനാഃ
   ധർമേ നഷ്ടേ കുലം കൃത്സ്നമധർമോഭിഭവത്യുത...
   അഹോബത മഹത്പാപം കർതും വ്യവസിതാ വയം
   യദ്രാജ്യ സുഖലോഭേന ഹന്തും സ്വജനമുദ്യതാഃ
   — ഭഗവദ്ഗീത I. 40, 45.
3. നിയതം കുരു കർമ ത്വം ജ്യായോ ഹ്യ കർമണഃ
   ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേദകർമണഃ
   — ഭഗവദ്ഗീത III. 8.
4. തസ്മാദസക്തഃ സതതം കാര്യം കർമ സമാചര
   അസക്തോ ഹ്യാചരൻ കർമ പരമാപ്നോതി പുരുഷഃ
   — ഭഗവദ്ഗീത III. 19.
5. സ്വധർമമപി ചാവേക്ഷ്യ ന വികമ്പിതുമർഹസി
   ധർമ്യാദ്ധി യുദ്ധാച്ഛ്രേയോന്യൽ ക്ഷത്രിയസ്യ ന വിദ്യതേ
   — ഭഗവദ്ഗീത II. 31.
6. അഥ ചേത്വമിമം ധർമ്യം സംഗ്രാമം ന കരിഷ്യസി
   തതഃ സ്വധർമം കീർത്തിം ച ഹിത്വാ പാപമവാപ്സ്യസി...
   ഹതോ വാ പ്രാപ്സ്യസി സ്വർഗം ജിത്വാ വാ ഭോക്ഷ്യസേ
   മഹീം.
   — ഭഗവദ്ഗീത, II. 33, 37.
7. ബ്രാഹ്മണക്ഷത്രിയവിശാം ശൂദ്രാണാം ച പരംതപ
   കർമാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ
   — ഭഗവദ്ഗീത, XVIII. 41.
8. ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജവമേവ ച
   ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ സ്വഭാവജം
   ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം
   ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ സ്വഭാവജം
   കൃഷിഗൗരക്ഷ്യവാണിജ്യം വൈശ്യകർമ സ്വഭാവജം
   പരിചര്യാത്മകം കർമ ശൂദ്രസ്യാപി സ്വഭാവജം
   — ഭഗവദ്ഗീത, XVIII. 42, 43, 44.
9. ശ്രേയാൻ സ്വധർമോ വിഗുണഃ പരധർമാത് സ്വനുഷ്ഠിതാത്
   സ്വഭാവനിയുക്തം കർമ കുർവന്നാപ്നോതി കില്ബിഷം.
   — ഭഗവദ്ഗീത, XVIII. 47.

## 2 വർണ്ണങ്ങളുടെ ഉൽപത്തി

വർണ്ണം എന്ന സംസ്കൃതപദത്തിന് നിറം, രൂപം, തരം, ജാതി, വർഗ്ഗം, സ്വഭാവം എന്നിങ്ങനെ പല അർത്ഥങ്ങളുമുണ്ട്. ആദ്യകാലത്തെ ആര്യന്മാർ തങ്ങളുടെ വെളുത്ത നിറത്തിൽ അഭിമാനമുള്ളവരായിരുന്നു എന്നും ഇന്ത്യയിലെ കറുത്ത നിറത്തിലുള്ള ആദിമനിവാസികളുമായി കൂടിക്കലരാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല എന്നും അതുകൊണ്ട് അവർ സമുദായത്തെ ആദ്യം നിറത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ചു എന്നും ആ വിഭജനത്തിൽ നിന്നാണ് വർണ്ണവ്യവസ്ഥ ആവിർഭവിച്ചത് എന്നും ചില ഗ്രന്ഥകാരന്മാർ അഭിപ്രായപ്പെടുന്നു. ആര്യന്മാർ എന്നും അനാര്യന്മാർ എന്നും രണ്ടു വർണ്ണങ്ങൾ മാത്രമേ പ്രാചീനഭാരതത്തിൽ ഉണ്ടായിരുന്നുള്ളു എങ്കിൽ ഈ വാദത്തിന് എന്തെങ്കിലും ന്യായീകരണം ഉണ്ടാകുമായിരുന്നു. പക്ഷേ, ആര്യന്മാർ, അനാര്യന്മാർ എന്ന രണ്ടു വർണ്ണങ്ങളല്ല, ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ നാലു വർണ്ണങ്ങളാണ് ഉണ്ടായിരുന്നത്. ഈ നാലു വർണ്ണങ്ങൾ വെറും നിറത്തിന്റെ അടിസ്ഥാനത്തിലുള്ള വിഭജനങ്ങളായിരുന്നു എന്നു കരുതാൻ വയ്യ.

മഹാഭാരതത്തിലൊരിടത്ത് വർണ്ണവ്യവസ്ഥയെ നിറവുമായി ഘടിപ്പിക്കാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. ഭൃഗു ഭരദ്വാജനോടു പറയുന്നു: “അവൻ (ബ്രഹ്മാവ്) ബ്രാഹ്മണരെയും ക്ഷത്രിയരെയും വൈശ്യരെയും ശൂദ്രരെയും മറ്റു ജീവികളെയും സൃഷ്ടിച്ചു. ബ്രാഹ്മണന്റെ നിറം വെളുപ്പാണ്. ക്ഷത്രിയന്റെ നിറം ചുവപ്പ്, വൈശ്യന്റേത് മഞ്ഞ, ശൂദ്രന്റേത് കറുപ്പ്”.

ചില പ്രത്യേക സ്വഭാവഗുണങ്ങളെ സൂചിപ്പിക്കാൻ വേണ്ടി പ്രതീകാത്മകമായിട്ടാണ് ഭൃഗു ഇവിടെ നിറം എന്ന വാക്ക് ഉപയോഗിക്കുന്നത് എന്നു വേണമെങ്കിൽ വാദിക്കാം. പക്ഷേ, ഭരദ്വാജൻ ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. എന്തെന്നാൽ, എല്ലാ വർണ്ണങ്ങളിൽ പെട്ടവരും ലോഭക്രോധമദമാത്സര്യാദികൾക്കു വശംവദരാകുന്നുണ്ട്. എന്നല്ല, ചരാചരങ്ങളിൽ വെളുപ്പും ചുവപ്പും മഞ്ഞയും കറുപ്പും മാത്രമല്ല വേറെയും അനവധി നിറങ്ങൾ കാണാനുണ്ട്. അപ്പോൾ പിന്നെ നിറത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ തരംതിരിക്കുന്നതിന് എന്താണർത്ഥം?

ഭരദ്വാജന്റെ യുക്തിവാദം കേട്ടപ്പോൾ ഭൃഗു പെട്ടെന്ന് തന്റെ അഭിപ്രായം മാറ്റി: “പ്രത്യേകമായി ഒരു വർണ്ണവുമില്ല. ബ്രഹ്മാവ് ലോകത്തിൽ എല്ലാവരെയും ബ്രാഹ്മണരായി സൃഷ്ടിച്ചു. വർണ്ണങ്ങൾ ആവിർഭവിച്ചത് വ്യത്യസ്തങ്ങളായ പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ്”. [10]

ആരംഭത്തിൽ എല്ലാവരും ബ്രാഹ്മണരായിരുന്നു എന്നും അവരാണ് കർമ്മവിഭജനത്തിന്റെ അടിസ്ഥാനത്തിൽ നാലു വ്യത്യസ്തവർണ്ണങ്ങളായി തരംതിരിഞ്ഞത് എന്നും മഹാഭാരതത്തിലെ മറ്റു ചില ഭാഗങ്ങളിലും പ്രസ്താവിക്കുന്നുണ്ട്.

പ്രാചീനേന്ത്യയിലെ ചാതുർവർണ്യത്തെ അനുസ്മരിപ്പിക്കുന്ന തരത്തിൽ ഇറാനിലും പുരോഹിതൻ, പടയാളി, കൃഷിക്കാരൻ, കൈവേലക്കാരൻ എന്നിങ്ങനെ നാലു ജനവിഭാഗങ്ങളുണ്ടായിരുന്നു എന്നും അത് ആര്യന്മാർക്ക് അറിയാമായിരുന്നു എന്നും അതുകൊണ്ട് ഋഗ്വേദകാലത്തു തന്നെ പരമ്പരാഗതങ്ങളായ നാലു വർണ്ണങ്ങൾ ഇന്ത്യയിൽ ആവിർഭവിച്ചു കഴിഞ്ഞിരുന്നു എന്നു കരുതാവുന്നതാണ് എന്നും ചില ഗ്രന്ഥകാരന്മാർക്ക് അഭിപ്രായമുണ്ട്”. [11] പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഏതോ ഒരു ഇന്ത്യാക്കാരൻ ഇംഗ്ലണ്ട് സന്ദർശിച്ചു എന്നും അവിടെ തൊഴിലാളികളും മുതലാളികളും തമ്മിൽ സംഘട്ടനങ്ങൾ നടക്കുന്നതു കണ്ടു എന്നും ഉടനെ തിരിച്ചുവന്ന് അതുപോലെയുള്ള ഒരു വർഗ്ഗവിഭജനസമ്പ്രദായം ഇന്ത്യയിലും നടപ്പാക്കിയെന്നും പറയുന്നതുപോലെയാണിത്. പ്രാചീനാര്യന്മാരുടെ സാമ്പത്തികഘടനയിലുണ്ടായ മാറ്റങ്ങളെയും അവയെ തുടർന്നുണ്ടായ സാമൂഹ്യപരിണാമങ്ങളെയും കണക്കിലെടുക്കാത്ത ഈ അഭിപ്രായം ശരിയായിരുന്നു എങ്കിൽ ഋഗ്വേദസൂക്തങ്ങളിൽ പ്രതിഫലിച്ചുകാണുന്ന സാമൂഹ്യജീവിതവും സാമൂഹ്യാശയങ്ങളും കൂടുതൽ ഉയർന്ന നിലവാരത്തെ കുറിക്കുമായിരുന്നു. പക്ഷേ, അതല്ല നമ്മൾ കാണുന്നത്. ഋഗ്വേദത്തിന്റെ ആദ്യഭാഗങ്ങളിൽ വർണ്ണവ്യവസ്ഥയെ കുറിച്ചുള്ള യാതൊരു സൂചനയുമില്ല. കുലഗോത്രസമൂഹങ്ങളിൽ ജീവിച്ചിരുന്ന പ്രാചീനാര്യന്മാരുടെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും ആശയാഭിലാഷങ്ങളെക്കുറിച്ചും മതവിശ്വാസങ്ങളെക്കുറിച്ചും മറ്റുമുള്ള പ്രതിപാദനങ്ങളാണുള്ളത്. പത്താം മണ്ഡലത്തിൽ പ്രപഞ്ചത്തിന്റെ വിവിധങ്ങളായ പ്രതിഭാസങ്ങളെ വർണ്ണിക്കുന്ന പുരുഷസൂക്തത്തിൽ മാത്രമാണ് വിരാട് പുരുഷന്റെ വ്യത്യസ്താവയവങ്ങളിൽ നിന്ന് ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും ശൂദ്രനും ആവിർഭവിച്ചു എന്നു പ്രസ്താവിക്കുന്നത്. പക്ഷേ, അവിടെയും വർണ്ണവ്യവസ്ഥയിലെ സാമൂഹ്യബന്ധങ്ങളെക്കുറിച്ചുള്ള യാതൊരു പരാമർശവുമില്ല.

ഋഗ്വേദത്തിന്റെ കാലം കഴിഞ്ഞപ്പോഴേക്കും ഈ സ്ഥിതി മാറിയെന്നു കാണാം. ബ്രാഹ്മണനെ അപമാനിക്കുകയോ ബ്രാഹ്മണന്റെ സ്വത്ത് അപഹരിക്കുകയോ ചെയ്യുന്നത് മഹാപാപമാണെന്ന് അഥർവവേദം പ്രഖ്യാപിക്കുന്നു. [12] വർണ്ണവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ സ്ഥിരപ്പെടാൻ തുടങ്ങി എന്നാണിതു കാണിക്കുന്നത്. യഥാർത്ഥത്തിൽ സംഹിതകൾക്കു ശേഷമുണ്ടായ ബ്രാഹ്മണങ്ങളുടെയും ആരണ്യകങ്ങളുടെയും ഉപനിഷത്തുകളുടെയും കാലത്താണ്, അതായത്, ക്രിസ്ത്വബ്ദത്തിന് മുമ്പ് രണ്ടാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലോ ഒന്നാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിലോ ആണ് വർണ്ണവ്യവസ്ഥ വ്യക്തമായ രൂപം കൈക്കൊണ്ടത്. ക്രി. മു. ഏഴാം നൂറ്റാണ്ടാകുമ്പോഴേക്കും ഇന്ത്യയുടെ സാമൂഹ്യജീവിതത്തിൽ ചാതുർവർണ്യം അടിയുറച്ചു കഴിഞ്ഞു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്.

മഹാഭാരതം, ധർമ്മസൂത്രങ്ങൾ, ഗൃഹ്യസൂത്രങ്ങൾ, സ്മൃതികൾ, നീതിശാസ്ത്രങ്ങൾ, ജൈനബൗദ്ധസാഹിത്യങ്ങൾ, കൗടില്യന്റെ അർത്ഥശാസ്ത്രം മുതലായ ഗ്രന്ഥങ്ങൾ വർണ്ണവ്യവസ്ഥയുടെ സ്വഭാവവിശേഷങ്ങളെപ്പറ്റിയും പഠിക്കാൻ സഹായിക്കുന്നവയാണ്. പക്ഷേ, ഈ ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മൂലഗ്രന്ഥങ്ങളല്ല, നൂറ്റാണ്ടുകളിലൂടെ അനേകം തവണ പരിഷ്കരിക്കപ്പെടുകയും കൂട്ടലുകളോടും കിഴിക്കലുകളോടും കൂടി വീണ്ടും വീണ്ടും പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്ത ഗ്രന്ഥങ്ങളാണ് ഇന്നു പ്രചാരത്തിലുള്ളത്. ഉദാഹരണത്തിന് മഹാഭാരതം വ്യക്തമായ രൂപം ധരിച്ചത് ക്രി.മു. നാലാം നൂറ്റാണ്ടിനും ക്രി.പി. നാലാം നൂറ്റാണ്ടിനും ഇടയിലാണെന്ന് വിന്റർനിറ്റ്സ് അഭിപ്രായപ്പെടുന്നു. [13] പക്ഷേ, അതിലെ പല ഭാഗങ്ങളും ക്രി. മു. നാലാം നൂറ്റാണ്ടിന് എത്രയോ മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. മനുസ്മൃതി ആദ്യം സൂത്രങ്ങളുടെ രൂപത്തിലായിരുന്നുവെന്നും പല കാലങ്ങളിലായി പല മാറ്റങ്ങളും അതിനു സംഭവിച്ചിട്ടുണ്ടെന്നും ഇന്നു പ്രചാരത്തിലുള്ള മനുസ്മൃതി പതിനാലാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലാണ് രൂപം കൊണ്ടതെന്നും പണ്ഡിതന്മാർ പറയുന്നു. എന്നിരിക്കിലും, ഇത്തരം ഗ്രന്ഥങ്ങളുടെ സഹായത്തോടുകൂടി പ്രാചീനഭാരതത്തിൽ നിലനിന്നിരുന്ന വർണ്ണവ്യവസ്ഥയെപ്പറ്റി കുറെയൊക്കെ നമുക്കു മനസ്സിലാക്കാൻ സാധിക്കും.

---

10. മഹാഭാരതം XII. 181, 4.10.
11. ”The existence of similar classes among the Iranianss, namely priests, warriors, agriculturists and artisans, makes it very probable that by the time of the Rigveda the four classes had developed into hereditary caste groups owing to the contact of the Arya-varna Aryans with the dark-skinned aborigines, and the necessity this imposed on Aryan society off reorganizing its whole structure”. V. M. Apte in The Vedic Age. P. 388.
12. അഥർവവേദം X. 18, 19.
13. M. Winternitz: A History of Indian Literature, Vol. I.

## 3 ഉയർന്ന വർണ്ണവും താണ വർണ്ണവും

ആരംഭത്തിൽ പ്രവൃത്തിയുടെയും സ്വഭാവഗുണങ്ങളുടെയും അടിസ്ഥാനത്തിലാണ് വർണ്ണങ്ങൾ നിർണ്ണയിക്കപ്പെട്ടിരുന്നത്. ഉദാഹരണത്തിന്, ശുചിത്വം പാലിക്കുകയും വ്രതങ്ങളനുഷ്ഠിക്കുകയും വേദങ്ങൾ പഠിക്കുകയും ഗുരുവിനെ ആദരിക്കുകയും സത്യം പറയുകയും മറ്റും ചെയ്യുന്നവർ ബ്രാഹ്മണരായി കണക്കാക്കപ്പെട്ടു. ഭരണം നടത്തുന്നവനാരോ അവൻ ക്ഷത്രിയൻ. വ്യാപാരത്തിലും കൃഷിയിലും മറ്റും ഏർപ്പെടുന്നവൻ വൈശ്യൻ. ശുചിത്വം പാലിക്കാതിരിക്കുകയും വ്രതങ്ങളനുഷ്ഠിക്കാതിരിക്കുകയും വേദങ്ങൾ പഠിക്കാതിരിക്കുകയും ദുർമാർഗ്ഗങ്ങളിൽ ചരിക്കുകയും ചെയ്യുന്നവൻ ആരോ അവൻ ശൂദ്രൻ. [14] ബ്രാഹ്മണന്റെ ഗുണങ്ങളില്ലാത്തവൻ ബ്രാഹ്മണനാവില്ല. ശൂദ്രന്റെ ഗുണങ്ങളില്ലാത്തവൻ ശൂദ്രനുമാവില്ല. [15] ബ്രാഹ്മണന്റെ പുത്രനായി ജനിച്ച ഒരാൾക്ക് ബ്രാഹ്മണവൃത്തികൊണ്ട് ജീവിക്കാൻ കഴിയില്ലെന്നു തോന്നിയാൽ ക്ഷത്രിയവൃത്തിയോ വൈശ്യവൃത്തിയോ സ്വീകരിക്കാമെന്ന് മഹാഭാരതത്തിൽ എടുത്തുപറയുന്നുണ്ട്. [16]

കാലക്രമത്തിൽ ഈ സ്ഥിതി മാറി. പ്രവൃത്തിക്കനുസരിച്ച് വർണ്ണം നിർണ്ണയിക്കുന്നതിനുപകരം വർണ്ണത്തിനനുസരിച്ച് പ്രവൃത്തി നിർണ്ണയിക്കുക എന്ന സമ്പ്രദായം നിലവിൽ വന്നു. എന്തു പ്രവൃത്തി ചെയ്യുന്നു എന്നതല്ല ഏതു വർണ്ണത്തിൽ ജനിച്ചു എന്നതാണ് വർണ്ണം നിർണ്ണയിക്കാനുള്ള മാനദണ്ഡം എന്നുവന്നു. അതോടുകൂടിയാണ് വർണ്ണവ്യവസ്ഥ പാരമ്പര്യാടിസ്ഥാനത്തിലുള്ള വർഗ്ഗവിഭജനമായിത്തീർന്നത്. ബ്രാഹ്മണന്റെ മകൻ ബ്രാഹ്മണൻ, ക്ഷത്രിയന്റെ മകൻ ക്ഷത്രിയൻ, ശൂദ്രന്റെ മകൻ ശൂദ്രൻ. ഓരോ വർണ്ണത്തിനും നിശ്ചിതമായ പ്രവൃത്തികളുണ്ടായിരുന്നു. വേദങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക, യാഗങ്ങൾ നടത്തുകയും നടത്തിക്കുകയും ചെയ്യുക, ദാനങ്ങളും ദക്ഷിണകളും സ്വീകരിക്കുക — ഇതൊക്കെയായിരുന്നു ബ്രാഹ്മണരുടെ ചുമതലകൾ. പ്രജകളെ സംരക്ഷിക്കുക, വേദങ്ങൾ പഠിക്കുക, യാഗങ്ങൾ നടത്തുക, ബ്രാഹ്മണർക്കു ദാനം നൽകുക — മുതലായവ ക്ഷത്രിയരുടെ കടമകളായിരുന്നു. പശു സംരക്ഷണം, കൃഷി, കച്ചവടം, ബ്രാഹ്മണർക്കു സ്വത്തുക്കൾ ദാനം ചെയ്യൽ മുതലായവ വൈശ്യന്മാരുടെ കടമകളായിരുന്നു. ശൂദ്രന്മാർക്ക് ഒരൊറ്റ കടമയേയുണ്ടായിരുന്നുള്ളൂ: അറപ്പും വെറുപ്പും കൂടാതെ വേലചെയ്ത് മറ്റു മൂന്നു വർണ്ണങ്ങളേയും ശുശ്രൂഷിക്കുക. [17]

ഈ സാമൂഹ്യഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം ബ്രാഹ്മണർക്കായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്തെന്നാൽ, അവരാണ് വർണ്ണവ്യവസ്ഥയുടെയാകെ നേതൃത്വം വഹിച്ചത്. യാഗാദി കർമ്മങ്ങൾക്ക് അവരുടെ സഹായം കൂടിയേ കഴിയൂ.. ദൈവത്തിന്റെ പ്രതിനിധികളായിട്ടാണ് അവർ കണക്കാക്കപ്പെട്ടത്. മതകാര്യങ്ങളിലും ആത്മീയകാര്യങ്ങളിലും അവരുടെ അഭിപ്രായങ്ങൾ ആധികാരികങ്ങളായിരുന്നു. ഭൗതികകാര്യങ്ങളിലും അവരുടെ പങ്കു ചെറുതായിരുന്നില്ല. എന്തെന്നാൽ, പൗരോഹിത്യം ഒരു നല്ല ധനാഗമമാർഗ്ഗം കൂടിയായിരുന്നു. അതുകൊണ്ട് വൈയക്തികമായ സ്വഭാവഗുണങ്ങൾ നോക്കേണ്ടതില്ല. ഏറ്റവും ഉയർന്ന വർണ്ണത്തിൽ ജനിച്ചു എന്നതുകൊണ്ടാണ് ബ്രാഹ്മണൻ ശ്രേഷ്ഠനായത്. “ബ്രാഹ്മണൻ ദുർമാർഗ്ഗിയാണെങ്കിലും പൂജ്യനാണ്. ശൂദ്രനാകട്ടെ, ജിതേന്ദ്രിയനായാൽ പോലും പൂജ്യനാവുകയില്ല”. [18]

മനു ബ്രാഹ്മണന് ദിവ്യത്വം കല്പിച്ചിരിക്കുന്നു: ബ്രാഹ്മണൻ വിരാട് പുരുഷന്റെ ഉത്തമാംഗത്തിൽ നിന്നു ജനിച്ചവനായതുകൊണ്ടും വേദങ്ങളുടെ അധികാരിയായതുകൊണ്ടും, സ്വാഭാവികമായിത്തന്നെ, സർവചരാചരങ്ങളുടെയും പ്രഭുവാണ്. [19] വേദങ്ങൾ പഠിച്ചാലും ഇല്ലെങ്കിലും അവന് ദിവ്യത്വമുണ്ട്. താണ വർണ്ണക്കാർക്ക് യോജിച്ച പ്രവൃത്തികളിൽ ഏർപ്പെട്ടാലും ബ്രാഹ്മണൻ ബ്രാഹ്മണൻ തന്നെ. ഏറ്റവും ഉയർന്ന വർണ്ണത്തിൽ ജനിച്ചതുകൊണ്ട് അവൻ ദൈവത്തെപ്പോലെയാണ്. അവന്റെ ഉപദേശങ്ങൾ അലംഘനീയങ്ങളായ കല്പനകളാണ്. അവനെ മറ്റെല്ലാവരും അനുസരിക്കണം. [20]

സമുദായത്തിലെ ഏറ്റവും താഴ്ന്ന പടിയിലായിരുന്നു ശൂദ്രന്മാർ. കന്നുകാലികൾ, അദ്ധ്വാനോപകരണങ്ങൾ, വീട്ടുസാമഗ്രികൾ മുതലായവയെപ്പോലെ, തന്നെ അവരും ധനികവർഗ്ഗക്കാരുടെ സ്വകാര്യസ്വത്തായിട്ടാണ് കണക്കാക്കപ്പെട്ടത്. കഠിനാദ്ധ്വാനം ചെയ്ത് ഉയർന്നവർഗ്ഗക്കാരെ പരിചരിക്കുകയെന്നതായിരുന്നു അവരുടെ സ്വധർമ്മം. വേദങ്ങൾ പഠിക്കാനോ സ്വത്തുസമ്പാദിക്കാനോ അവർക്ക് അധികാരമുണ്ടായിരുന്നില്ല. [21] വല്ല സ്വത്തും അവരുടെ കയ്യിൽ പെട്ടുപോയാൽ അത് സങ്കോചമന്യേ പിടിച്ചെടുത്തു സ്വന്തമാക്കാൻ ബ്രാഹ്മണർക്ക് അവകാശമുണ്ടായിരുന്നു. [22]

---

14. മഹാഭാരതം, ശാന്തിപർവം, 189, 2–7.
15. ശൂദ്രേ ചൈതദ്ഭവേല്ലക്ഷ്യം ദ്വിജേ തച്ച ന വിദ്യതേ
    ന വൈ ശൂദ്രോ ഭവേച്ഛൂദ്രോ ബ്രാഹ്മണോ ന ച ബ്രാഹ്മണഃ
    — മഹാഭാരതം, ശാന്തിപർവം, 189, 8.
16. മഹാഭാരതം, XII. 79, 12.
17. അധ്യാപനമധ്യയനം യജനം യാജനം തഥാ
    ദാനം പ്രതിഗ്രഹം ചൈവ ബ്രാഹ്മണാനാമകല്പയത്
    പ്രജാനാം രക്ഷണം ദാനമിജ്യാധ്യയനമേവ ച
    വിഷയേഷ്വ പ്രസക്തി ശ്ച ക്ഷത്രിയസ്യ സമാസതഃ
    പശൂനാം രക്ഷണം ദാനമിജ്യാധ്യയനമമേവ ച
    വണിക് പഥ കുസീദം ച വൈശ്യസ്യ കൃഷിമേവ ച
    ഏകമേവതു ശൂദ്രസ്യ പ്രഭുഃ കർമ സമാദിശത്
    ഏതേഷാ മേവ വർണാനാം ശുശ്രൂഷാമനസൂയയാ.
    — മനുസ്മൃതി, ക. 88-91.
18. ദുഃശീലോ/പി ദ്വിജഃ പൂജ്യോ ന തു ശൂദ്രോ ജിതേന്ദ്രിയഃ പരാശര സ്മൃതി, 8, 33.
19. മനുസ്മൃതി, I, 9.
20. മനുസ്മൃതി, IX. 317; തക, 84.
21. ശക്തേനാപി ഹി ശൂദ്രേ ന കാര്യോ ധനസഞ്ചയഃ മനുസ്മൃതി, ത, 129.
22. വിസ്രബ്ധം ബ്രാഹ്മണഃ ശൂദ്രാദ് ദ്രവ്യോപാദാനമാചരേത്
    ന ഹി തസ്യാസ്തി കിഞ്ചിത് സ്വം ഭർതൃഹാര്യധനോ ഹി സഃ
    — മനുസ്മൃതി, VIII. 417.

## 4 അസമത്വത്തിലെ സങ്കീർണ്ണതകൾ

സ്വത്തുടമക്രമം മാത്രമല്ല, സമുദായത്തിൽ വ്യക്തികൾക്കുള്ള സ്ഥാനവും വർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെട്ടിരുന്നത്. ഓരോ വർണ്ണത്തിനും പ്രത്യേകമായ അവകാശാധികാരങ്ങൾ ഉണ്ടായിരുന്നു. ഏറ്റവും വലിയ അധികാരങ്ങൾ കയ്യടക്കി വെച്ചത് ബ്രാഹ്മണരാണ്. മനുസ്മൃതിയും മറ്റു നിയമസംഹിതകളും അവർക്ക് പ്രത്യേകമായ ചില സൗജന്യങ്ങൾ അനുവദിച്ചുകൊടുത്തിരുന്നു. ശിക്ഷാവിധികളും വർണ്ണവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഒരു കുറ്റത്തിനു തന്നെ വ്യത്യസ്തവർണ്ണങ്ങൾക്ക് വ്യത്യസ്തങ്ങളായ ശിക്ഷകളാണ് വിധിക്കപ്പെട്ടിരുന്നത്. വർണ്ണം നോക്കിയാണ് കുറ്റങ്ങളുടെ കാഠിന്യം നിർണ്ണയിക്കേണ്ടത് എന്ന് മനുസ്മൃതി ഊന്നിപ്പറയുന്നു. ഉദാഹരണത്തിന്, ക്ഷത്രിയൻ ബ്രാഹ്മണനെ ചീത്തപറഞ്ഞാൽ നൂറുപണം പിഴയടയ്ക്കണം. അതേ കുറ്റം വൈശ്യൻ ചെയ്താൽ നൂറ്റമ്പതോ ഇരുന്നൂറോ പണമാണ് പിഴ. എന്നാൽ ബ്രാഹ്മണനെ ചീത്തപറയുന്ന ശൂദ്രന് കുരടാവുകൊണ്ടുള്ള അടിയാണ് ശിക്ഷ. ബ്രാഹ്മണൻ ക്ഷത്രിയനെ ആക്ഷേപിച്ചാൽ അമ്പതു പണം കൊടുത്താൽ മതി. ശൂദ്രനെയാണെങ്കിൽ വെറും പന്ത്രണ്ടു പണം. ശൂദ്രൻ ബ്രാഹ്മണനെ അപമാനിച്ചാൽ അവന്റെ നാവു മുറിച്ചുകളയണം. [23] താഴ്ന്ന വർണ്ണത്തിൽ ജനിച്ച ഒരാൾ ഉയർന്ന വർണ്ണത്തിൽ ജനിച്ചവനെ കയ്യേറ്റം ചെയ്താൽ ഏത് അവയവം കൊണ്ടാണോ അതു ചെയ്തത് ആ അവയവം ഛേദിച്ചുകളയണം. കയ്യോ വടിയോ ഓങ്ങിയാൽ കൈ മുറിച്ചുകളയണം. ചവിട്ടിയാൽ കാൽ മുറിച്ചു കളയണം. [24] കുറ്റം ചെയ്യുന്ന ശൂദ്രന്റെ അവയവങ്ങൾ ഛേദിച്ചുകളയാൻ മാത്രമല്ല, അവനെ കൊല്ലാൻ പോലും വ്യവസ്ഥയുണ്ടായിരുന്നു. പക്ഷേ, എന്തുതന്നെ കുറ്റം ചെയ്താലും ബ്രാഹ്മണനു വധശിക്ഷയില്ല. കാരണം ഭൂമിയിലെ ദൈവമാണ് ബ്രാഹ്മണൻ.

ശിക്ഷകളുടെ കാഠിന്യം വർണ്ണവ്യവസ്ഥയിലെ വർഗ്ഗസംഘർഷം എത്ര രൂക്ഷമായിരുന്നു എന്നാണ് കാണിക്കുന്നത്. എന്നാൽ, താഴ്ന്ന വർണ്ണക്കാരോട്, പ്രത്യേകിച്ച് ശൂദ്രന്മാരോട്, ക്രൂരമായി പെരുമാറണം എന്ന് ആവശ്യപ്പെടുന്ന മനുവിന്റെ നിയമങ്ങൾക്ക് വടക്കെ ഇന്ത്യയിലെ ഏതാനും സ്ഥലങ്ങളിൽ മാത്രമേ പ്രാബല്യമുണ്ടായിരുന്നുള്ളു എന്ന് എടുത്തുപറയേണ്ടതുണ്ട്. ചാതുർവർണ്യം ഇന്ത്യയിലെല്ലായിടത്തും ഒരുപോലെ തഴച്ചുവളരുകയുണ്ടായില്ല. പ്രധാനമായും സിന്ധുഗംഗാതീരങ്ങളിലാണ് അതു പ്രാബല്യം നേടിയത്. മറ്റു സ്ഥലങ്ങളിൽ, ഉദാഹരണത്തിന്, കേരളം, തമിഴ്നാട് തുടങ്ങിയ തെന്നിന്ത്യൻ പ്രദേശങ്ങളിൽ, പ്രവൃത്തിവിഭജനവും സ്വകാര്യസ്വത്തുടമയും ചാതുർവർണ്യമായി രൂപാന്തരപ്പെടുകയുണ്ടായില്ല. ചാതുർവർണ്യം നിലനിന്നിരുന്ന പ്രദേശങ്ങളിൽ തന്നെ ഉൽപാദനശക്തികൾ അസമമായും സങ്കീർണ്ണമായും ആണ് വളർന്നത്. ഗോത്രവ്യവസ്ഥയുടെ അവശിഷ്ടങ്ങളിൽ കുറഞ്ഞ സ്ഥലങ്ങളും കൂടിയ സ്ഥലങ്ങളുമുണ്ടായിരുന്നു. ചില സ്ഥലങ്ങളിൽ ബ്രാഹ്മണരുടെ ആധിപത്യം നിരങ്കുശമായിരുന്നു. മറ്റു ചില സ്ഥലങ്ങളിൽ ക്ഷത്രിയർക്കായിരുന്നു പ്രാമാണ്യം. ശൂദ്രർ ഏറ്റവും താഴ്ന്ന പടിയിലായിരുന്നു എങ്കിലും അവരുടെ സ്ഥിതി എല്ലായിടത്തും ഒരു പോലെ ദുസ്സഹമായിരുന്നില്ല.

സമുദായത്തിലെ മുഴുവൻ ജനങ്ങളും ചാതുർവർണ്യത്തെ അംഗീകരിച്ചിരുന്നില്ല. ചാതുർവർണ്യം നിലനിന്നിരുന്ന പ്രദേശങ്ങളുടെ സമീപത്തുതന്നെ പ്രവൃത്തിവിഭജനമോ വർഗ്ഗവ്യത്യാസങ്ങളോ കൂടാതെ അപരിഷ്കൃതാവസ്ഥയുടെ വിവിധ ഘട്ടങ്ങളിൽ ജീവിച്ചിരുന്ന ഗോത്രസമുദായങ്ങളുമുണ്ടായിരുന്നു. മഹാഭാരതത്തിൽ പുളിന്ദന്മാർ, ആന്ധ്രക്കാർ, ഗുഹന്മാർ, ശബരന്മാർ, മദ്രകന്മാർ, കാംബോജന്മാർ, ഗാന്ധാരന്മാർ, കിരാതന്മാർ, നിഷാദന്മാർ എന്നിങ്ങനെ ഒട്ടനവധി ഗോത്രസമുദായക്കാരെപ്പറ്റി പരാമർശിക്കുന്നുണ്ട്. അവർ ആര്യന്മാരായിരുന്നില്ല. ശൂദ്രന്മാരേക്കാൾ താഴ്ന്നവരായിട്ടാണ് അവർ കണക്കാക്കപ്പെട്ടത്. എങ്കിലും ആര്യന്മാർ അവരുമായി പലതരത്തിലുള്ള ബന്ധങ്ങളും — വിവാഹബന്ധങ്ങൾ പോലും — പുലർത്തിയിരുന്നു. യവനന്മാർ, ചീനന്മാർ തുടങ്ങിയ വിദേശീയസമുദായങ്ങളും വർണ്ണവ്യവസ്ഥയ്ക്കു പുറത്തായിരുന്നു. ഇവർക്കെല്ലാം പുറമെ ദാസന്മാർ എന്ന പേരിൽ അറിയപ്പെടുന്ന ജനവിഭാഗങ്ങളുമുണ്ടായിരുന്നു. സങ്കീർണ്ണവും വൈവിധ്യം നിറഞ്ഞതുമായ ഈ സാഹചര്യത്തിൽ വർണ്ണവ്യവസ്ഥയ്ക്കും അതിനു നിയമപ്രാബല്യം നൽകാൻ ശ്രമിച്ച സ്മൃതികൾക്കും സാർവത്രികമായ അംഗീകാരം ലഭിച്ചില്ലെങ്കിൽ അതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല.

---

23. മനുസ്മൃതി, VIII, 279–283.
24. മനുസ്മൃതി, VIII, 279–283.

## 5 അടിമയും ഉടമയും

ഋഗ്വേദസൂക്തങ്ങൾ അനാര്യന്മാരായ ഗോത്രസമുദായക്കാരെ ദാസന്മാർ എന്നും ദസ്യുക്കൾ എന്നും മറ്റുമുള്ള പേരുകളിലാണ് വിശേഷിപ്പിക്കുന്നത്. ഹീനന്മാരും ദുഷ്ടന്മാരും ആര്യന്മാരുടെ മതവിശ്വാസങ്ങളെ എതിർക്കുന്നവരുമായ ശത്രുക്കളായിട്ടാണ് അവർ കണക്കാക്കപ്പെട്ടത്. യുദ്ധങ്ങളിൽ കീഴടക്കപ്പെട്ട ശത്രുക്കൾ കൊല്ലപ്പെടുകയായിരുന്നു പതിവ്. എന്തെന്നാൽ, അവരെ തടവുകാരാക്കിപ്പിടിച്ച് തീറ്റിപ്പോറ്റാൻ കഴിയത്തക്കവണ്ണം ഉൽപ്പാദനവ്യവസ്ഥ വളർന്നുകഴിഞ്ഞിരുന്നില്ല. എന്നാൽ, ആര്യന്മാർ സിന്ധുഗംഗാതീരങ്ങളിൽ സ്ഥിരവാസമുറപ്പിക്കുകയും കൃഷിയും കൈത്തൊഴിലും കച്ചവടവും മറ്റും അഭിവൃദ്ധിപ്പെടുത്താൻ തുടങ്ങുകയും ചെയ്തപ്പോൾ ഈ സ്ഥിതിക്കൊരു മാറ്റമുണ്ടായി. ദാസന്മാരുടെ കായികാദ്ധ്വാനത്തെ ഉൽപ്പാദന പ്രക്രിയയിൽ ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുളവായി.

ശൂദ്രന്മാരും കായികാദ്ധ്വാനം കൊണ്ടാണ് ഉപജീവനം കഴിച്ചിരുന്നത്. അവർ ധനികവർണ്ണക്കാരുടെ വീട്ടുജോലിക്കാരായിരുന്നു; അല്ലെങ്കിൽ വൈശ്യന്മാരുടെ കീഴിൽ കൃഷിപ്പാടങ്ങളിൽ വേല ചെയ്യുന്നവരോ കൈത്തൊഴിലുകളിൽ ഏർപ്പെട്ടവരോ ആയിരുന്നു. വീട്ടു വൃത്തിയാക്കൽ, വെള്ളം കോരൽ, ധാന്യം പൊടിക്കൽ, അലക്ക് തുടങ്ങിയ വീട്ടുജോലികളെല്ലാം സ്ത്രീകളാണ് ചെയ്തിരുന്നത്. വിറകുവെട്ടൽ, കൃഷിപ്പണി, കെട്ടിടനിർമ്മാണം എന്നിങ്ങനെ ശാരീരികാദ്ധ്വാനം കൂടുതൽ ആവശ്യമായ പ്രവൃത്തികൾക്ക് പുരുഷന്മാരും നിയോഗിക്കപ്പെട്ടിരുന്നു. പക്ഷേ, അവർ അനാര്യന്മാരായിരുന്നില്ല; ആര്യന്മാരുടെ വർണ്ണവ്യവസ്ഥയുടെ അവിഭാജ്യഘടകമായിരുന്നു. ഉൽപ്പാദനവ്യവസ്ഥ കൂടുതൽ വളർന്നപ്പോഴാണ് അനാര്യന്മാരായ ദാസന്മാരുടെ സേവനം ആവശ്യമായിത്തീർന്നത്. അതോടുകൂടിയായിരിക്കണം ചാതുർവർണ്യത്തിൽ അടിമത്തവ്യവസ്ഥയുടെ പല ഘടകങ്ങളും പ്രത്യക്ഷപ്പെട്ടത്.

ആദ്യകാലത്തെ ദാസന്മാർ, അല്ലെങ്കിൽ അടിമകൾ, അനാര്യന്മാർ മാത്രമായിരുന്നു എന്നു തോന്നുന്നു. പക്ഷേ, വർണ്ണവ്യവസ്ഥ കൂടുതൽ പുഷ്ടിപ്പെടുകയും സ്വത്തുടമബന്ധങ്ങളിൽ അസമത്വം വർദ്ധിക്കുകയും ചെയ്തപ്പോൾ സാമ്പത്തികമായി അധഃപതിച്ച ചില ആര്യവിഭാഗങ്ങളും ദാസ്യവേലയ്ക്കുവേണ്ടി നിയോഗിക്കപ്പെട്ടു എന്നു കരുതാൻ ന്യായമുണ്ട്. ശൂദ്രന്മാർ മാത്രമല്ല, ഉയർന്ന വർണ്ണങ്ങളിൽ ജനിച്ചവരും ചിലപ്പോൾ ദാസ്യവേലകൊണ്ട് ഉപജീവനം കഴിക്കാൻ നിർബന്ധിതരായിത്തീർന്നിരുന്നു. സാമ്പത്തികവിഷമതകൾ ഉണ്ടാകുമ്പോൾ ബ്രാഹ്മണർക്കുപോലും ദാസ്യവേല എടുക്കാവുന്നതാണ് എന്ന് കൗടില്യന്റെ അർത്ഥശാസ്ത്രം നിർദ്ദേശിക്കുന്നു. മനുസ്മൃതി ഏഴുതരം ദാസന്മാരെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്; ധ്വജാഹൃതർ (യുദ്ധത്തിൽ കീഴടക്കപ്പെട്ടവർ), ഭക്തദാസന്മാർ, ഗൃഹജർ (ഉയർന്ന വർണ്ണക്കാരുടെ വീടുകളിൽ ജനിച്ചവർ), ക്രീതർ (വിലയ്ക്ക് വാങ്ങപ്പെട്ടവർ), ദാനം ചെയ്യപ്പെട്ടവർ, പൂർവികന്മാരിൽ നിന്ന് പൈതൃകമായി കിട്ടിയവർ, ശിക്ഷ കാരണം ദാസന്മാരായിത്തീർന്നവർ. [25]

ശൂദ്രന്മാരെ സംബന്ധിച്ചിടത്തോളം ഇത്തരം വിഭജനങ്ങളുടെയൊന്നും ആവശ്യമില്ല. ക്രീതന്മാരായാലും ശരി, അക്രീതന്മാരായാലും ശരി, അവർ ദാസന്മാർ തന്നെയാണ്. കാരണം, ദാസ്യവേലയ്ക്കു വേണ്ടിയാണ് അവർ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. [26]

മനുസ്മൃതിക്കുശേഷം രചിക്കപ്പെട്ട നാരദസ്മൃതിയിൽ ദാസന്മാർ പതിനഞ്ചു തരമുണ്ടെന്നു പറയുന്നു. മനുസ്മൃതിയിൽ പ്രതിപാദിക്കപ്പെട്ടവർക്കു പുറമെ പണയം വെയ്ക്കപ്പെട്ടവരും കടം വീട്ടാൻ കഴിയാത്തതുകൊണ്ട് ദാസ്യവേലയെ അഭയം പ്രാപിച്ചവരും ക്ഷാമകാലത്ത് വിൽക്കപ്പെട്ടവരും മറ്റും അവരിൽ ഉൾപ്പെടുന്നു. [27] കടം വീട്ടാൻ മറ്റു വഴിയില്ലാതെ ദാസ്യവേലയ്ക്ക് തയ്യാറാകേണ്ടിവരത്തക്ക വണ്ണം സാമ്പത്തികാസമത്വങ്ങൾ അത്രയ്ക്കു മൂർച്ഛിച്ചു കഴിഞ്ഞിരുന്നു എന്നാണ് നാരദസ്മൃതിയിലെ ഈ പട്ടിക ചൂണ്ടിക്കാണിക്കുന്നത്. ദാസ്യവേലയെടുത്ത് കടം വീട്ടിക്കഴിഞ്ഞാൽ വീണ്ടും സ്വതന്ത്രരാവാനുള്ള വ്യവസ്ഥകളുമുണ്ടായിരുന്നു. കടം വാങ്ങിയ തുക പലിശയോടുകൂടി മടക്കിക്കൊടുക്കുകയോ ഒരു നിശ്ചിതകാലം വരെ അടിമകളായി പണിയെടുക്കുകയോ ചെയ്താൽ ദാസന്മാർ മോചിപ്പിക്കപ്പെടേണ്ടതാണ് എന്ന് നാരദസ്മൃതി പറയുന്നു. [28] യജമാനനു ചെലവായ പണം കൊടുത്തു തീർത്താൽ ദാസൻ മോചിപ്പിക്കപ്പെടേണ്ടതാണ്[29] എന്നും പിഴയടയ്ക്കാൻ കഴിയാത്തതുകൊണ്ട് ദാസ്യവേലയ്ക്ക് ശിക്ഷിക്കപ്പെട്ടവന് ഒരു നിശ്ചിതകാലത്തെ അദ്ധ്വാനത്തിനുശേഷം മോചനം നേടാൻ അർഹതയുണ്ട്[30] എന്നും കൗടില്യൻ നിർദ്ദേശിക്കുന്നു. ദാസന്മാർ ധനികവർഗ്ഗക്കാരുടെ സ്വകാര്യസ്വത്തായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്. അവരെക്കൊണ്ട് നിർബന്ധിച്ച് പണിയെടുപ്പിക്കാനും അവരുടെ അദ്ധ്വാനഫലം അപഹരിച്ചെടുക്കാനും യജമാനന്മാർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. എങ്കിലും പ്രാചീനഗ്രീസിലും റോമിലും നിലനിന്നിരുന്നതു പോലെയുള്ള സാർവത്രികവും സുശക്തവുമായ അടിമത്തവ്യവസ്ഥ ഇന്ത്യയിൽ പടർന്നുപിടിക്കുകയുണ്ടായില്ല. 'ലാറ്റിഫുണ്ടിയ' പോലെയുള്ള കൂറ്റൻ കൃഷിപ്പാടങ്ങളിൽ പതിനായിരക്കണക്കിന് അടിമകളെക്കൊണ്ട് പണിയെടുപ്പിച്ചു കൃഷി നടത്തുന്ന സമ്പ്രദായം ഇന്ത്യയിൽ വളർന്നു വരികയുണ്ടായില്ല. നൂറുകണക്കിനുള്ള പണിക്കാരുടെ കായികാദ്ധ്വാനമുപയോഗിച്ച് കൃഷി നടത്തിയിരുന്ന ചില ധനികന്മാരെപ്പറ്റിയും അനേകം ദാസന്മാരുടെ ഉടമകളായ ചില പ്രമാണിമാരെപ്പറ്റിയും ജാതകകഥകളിൽ പ്രതിപാദിക്കുന്നുണ്ട് എന്നുള്ളതു ശരിയാണ്. പക്ഷേ, അവർ ഗ്രീസിലെയും റോമിലെയും ഉടമകളെപ്പോലെ, ഉൽപ്പാദനവ്യവസ്ഥയിൽ ആധിപത്യം വഹിച്ചു എന്നു പറയാൻ വയ്യ. അത്തരക്കാരുടെ എണ്ണം അത്രയ്ക്കു കുറവായിരുന്നു. എന്നല്ല, ഇന്ത്യയിലെ മിക്ക ഭാഗങ്ങളിലും ഭൂമി സ്വകാര്യസ്വത്തായിക്കഴിഞ്ഞിരുന്നില്ല. കൃഷി നടത്തുന്നവർക്ക് വിളവെടുക്കാനുള്ള അവകാശമേ ഉണ്ടായിരുന്നുള്ളൂ. ഭൂമി സമുദായത്തിന്റെ പൊതുസ്വത്തായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത്.

ഇതിന്റെയർത്ഥം ദാസന്മാർ അടിമവേലയ്ക്ക് ഉപയോഗിക്കപ്പെട്ടിരുന്നില്ല എന്നോ അവർ മർദ്ദനങ്ങൾക്ക് ഇരയായിരുന്നില്ല എന്നോ അല്ല. ദാസ്യവേലയിൽ നിന്നു കിട്ടിയ പ്രതിഫലം യജമാനനു കൊടുക്കാതെ സ്വന്തമാക്കി വയ്ക്കാൻ ശ്രമിച്ച ഒരു ദാസി അടിശിക്ഷയ്ക്ക് വിധേയയായതെങ്ങനെയെന്ന് ശർമ്മ ചൂണ്ടിക്കാണിക്കുന്നു. [31] ധനപാലി എന്ന മറ്റൊരു ദാസി കഠിനമായി മർദ്ദിക്കപ്പെടുകയും ദാസ്യവേലയെടുക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തതിനെപ്പറ്റി ശരൺ വിവരിക്കുന്നു. [32] ധനികവർഗ്ഗക്കാരെ ധിക്കരിക്കുന്ന ദാസന്മാർ മരണശിക്ഷയ്ക്കുപോലും വിധേയരായിരുന്നു എന്ന് ജാതകകഥകൾ വെളിപ്പെടുത്തുന്നുണ്ട്. ദരിദ്രവിഭാഗക്കാരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്തുകൊണ്ടാണ് ഇന്ത്യയിലെ ധനികവർഗ്ഗക്കാർ പ്രബലന്മാരായിത്തീർന്നത് എന്നും മറ്റു രാജ്യങ്ങളിലെപ്പോലെ ഇന്ത്യയിലും അടിമവേല ചെയ്യുന്നവർ ക്രൂരമായ മർദ്ദനങ്ങൾക്ക് ഇരയാകേണ്ടിവന്നിരുന്നു എന്നുമാണ് ഇത്തരം ഉദാഹരണങ്ങൾ വ്യക്തമാക്കുന്നത്.

ഈ സാഹചര്യത്തിൽ അടിമകൾ അസംതൃപ്തരും വിദ്രോഹികളും ആയിത്തീർന്നു എങ്കിൽ അതിലത്ഭുതപ്പെടാനില്ല. മർദ്ദനം ദുസ്സഹമാകുമ്പോൾ ഉടമകളുടെ പിടിയിൽ നിന്ന് ഓടി രക്ഷപെടാൻ അവർ ശ്രമിച്ചിരുന്നു. വീണ്ടും പിടിയിലകപ്പെട്ടാൽ പിന്നെയുമുണ്ടാകുന്ന മർദ്ദനം കൂടുതൽ ദുസ്സഹമായിരിക്കുമെന്നുമാത്രം. അടിമകളും ഉടമകളും തമ്മിലുള്ള മത്സരങ്ങൾ, തെളിഞ്ഞ രൂപത്തിലല്ലെങ്കിലും, പ്രാചീനസാഹിത്യകൃതികളിൽ പ്രതിഫലിച്ചിട്ടുണ്ടെന്നു കാണാം.

---

25. ധ്വദാഹൃതോ ഭക്തദാസോ ഗൃഹജഃ ക്രീതദത്രിമൗ
പൈതൃകോ ദണ്ഡദാസശ്ച സപ്തൈതേ ദാസയോനയഃ.
— മനുസ്മൃതി, VIII. 415.

26. ശൂദ്രം തു കാരയേദ്ദാസ്യം ക്രീതമക്രീതമേവ വാ
ദാസ്യായൈവ ഹി സൃഷ്ടോസൗ ബ്രാഹ്മണസ്യ സ്വയംഭുവാ
— മനുസ്മൃതി VII. 413.

27. ഗൃഹജാതസ്തഥാ ക്രീതോ ലബ്ധോ ദായാദുപാഗതഃ
അനാകാലഭൃതോ ലോകേ അഹിതഃ സ്വാമിനശ്ച യഃ
മോക്ഷിതോ മഹതശ്ചർണാത് പ്രാപ്തോ യുദ്ധാത് പണാർജിതഃ
തവാഹമിത്യുപഗതഃ പ്രവ്രജ്യാവസിതഃ കൃതഃ
ഭക്തദാസശ്ച വിജ്ഞേയ സ്തഥൈവ വസുന്ദാ ഭൃതഃ
വിക്രേതാ ചാത്മനഃ ശാസ്ത്രേ ദാസാഃ പഞ്ചദശ സ്മൃതാഃ
— നാരദസ്മൃതി, V. 26, 27, 28.

28. ഋണം തു സോദയം ദത്വാ ഋണീ ദാസ്യാദ് വിമുച്യതേ
കൃതകാലാഭ്യുപഗമാത് കൃതകോപി വിമുച്യതേ.
— നാരദസ്മൃതി, V. 33.

29. മൂല്യേന ചാർയ്യത്വം ഗച്ഛേത്
— കൗടില്യന്റെ അർഥശാസ്ത്രം III. 65, 22.

30. ദണ്ഡപ്രണീതഃ കർമണാ ദണ്ഡമുപനയേത് ടി. III. 65–25.

31. K. M. Sarma: Labour in Ancient India, P. 26.

32. R. Saran: Sudras in Ancient India, P. 103.

## 6 രാജാവിന്റെ ഉത്ഭവം

ഇന്ത്യയിൽ രാജകീയഭരണകൂടം ഉത്ഭവിച്ചതെങ്ങനെ എന്നു മനസ്സിലാക്കാനാഗ്രഹിക്കുന്ന സാമൂഹ്യശാസ്ത്രജ്ഞന് മഹാഭാരതം ഒരു വിലപിടിച്ച ഗ്രന്ഥമാണ്. ആരംഭത്തിൽ, അതായത് കൃതയുഗത്തിൽ രാജാവിന്റെയും ദണ്ഡനീതിയുടെയും ഒന്നും ആവശ്യമുണ്ടായിരുന്നില്ല എന്നും ജനങ്ങൾ ധർമ്മമനുസരിച്ച് പരസ്പരം രക്ഷിക്കുകയും സഹായിക്കുകയും ചെയ്തുപോന്നു എന്നും ശാന്തിപർവത്തിൽ ഭീഷ്മർ പ്രസ്താവിക്കുന്നു. പക്ഷേ, കാലക്രമത്തിൽ ഈ സ്ഥിതിക്കൊരു മാറ്റംവന്നു. മോഹം, ലോഭം, കാമം, രാഗം മുതലായവ ജനങ്ങളെ പിടികൂടി. അതോടെ പഴയ ഐക്യം തകർന്നു. ധർമ്മത്തിനു നാശം സംഭവിച്ചു. അധർമ്മം പരന്നുപിടിച്ചു. മത്സ്യന്യായം, അല്ലെങ്കിൽ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നയം, നടപ്പിൽവന്നു. ശക്തിയുള്ളവൻ ശക്തിയില്ലാത്തവനെ ദ്രോഹിച്ചു. കള്ളന്മാരും കവർച്ചക്കാരും ലോകത്തെ നരകമാക്കിമാറ്റി. വിളവുകൾ നശിപ്പിക്കപ്പെട്ടു. സ്ത്രീകൾ ബലാൽസംഗം ചെയ്യപ്പെട്ടു. യാഗയജ്ഞങ്ങൾ തടയപ്പെട്ടു. വർണ്ണസങ്കരങ്ങൾ സാധാരണമായി. ഇടവിടാതെ അനാവൃഷ്ടിയും ക്ഷാമവുമുണ്ടായി. ഈ സ്ഥിതി പരിഹരിക്കാൻ വേണ്ടി ദേവന്മാർ ബ്രഹ്മാവിനെ സമീപിച്ചു. ഒടുവിൽ രാജാവ് സൃഷ്ടിക്കപ്പെട്ടു. ഇതാണ് കഥ.

പരസ്പരം രക്ഷിച്ചുകൊണ്ട് യോജിപ്പോടെ ജീവിച്ചിരുന്ന ജനങ്ങളെ ലോഭവും മോഹവും മറ്റും പിടികൂടിയതെങ്ങനെയെന്ന് ഭീഷ്മർ വ്യക്തമാക്കുന്നില്ല. പ്രാകൃതകുലഗോത്രങ്ങളുടെ കൂട്ടുടമവ്യവസ്ഥയിൽ സ്വകാര്യസ്വത്തുടമ തലപൊക്കിയതിനു ശേഷമാണ് ലോഭവും മത്സരവും മറ്റും ആവിർഭവിച്ചത് എന്നും അതു മുതൽക്കാണ് എല്ലാം സ്വന്തമാക്കാനുള്ള വാസന പരന്നുപിടിച്ചത് എന്നും എംഗൽസ് ചൂണ്ടിക്കാണിക്കുന്നു. അതിനുശേഷമാണ് കയ്യൂക്കും സാമ്പത്തിക ശേഷിയുമുള്ളവർ രാജാക്കന്മാരായിത്തീർന്നത്. ദൈവം രാജാവിനെ സൃഷ്ടിച്ചു എന്നുപറയുന്ന മഹാഭാരതത്തിൽ തന്നെ കയ്യൂക്കുള്ളവനാണ് രാജാവായിത്തീർന്നത് എന്നും സൂചിപ്പിക്കപ്പെടുന്നുണ്ട്. [33] ഉത്ഭവമെങ്ങനെയായാലും നിലവിൽ വന്നുകഴിഞ്ഞ വർണ്ണവ്യവസ്ഥയെയും വർണ്ണവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള സ്വത്തുടമബന്ധങ്ങളെയും കാത്തുരക്ഷിക്കലാണ് രാജാവിന്റെ മുഖ്യമായ കടമയെന്ന് മഹാഭാരതം സംശയത്തിനിടയില്ലാത്തവിധം വ്യക്തമാക്കുന്നുണ്ട്[34] മനുസ്മൃതി, കൗടില്യന്റെ അർത്ഥശാസ്ത്രം തുടങ്ങിയ ഗ്രന്ഥങ്ങളിലും ഇതുതന്നെയാണ് ഊന്നിപ്പറയുന്നത്.

മഗധ, അംഗം, വംഗം, കാശി, കോസലം, അവന്തി, പാഞ്ചാലം, കംബോജ എന്നിങ്ങനെ ഒട്ടനവധി ചെറിയ ചെറിയ രാജ്യങ്ങളെപ്പറ്റി മഹാഭാരതത്തിലും ജൈന–ബൗദ്ധഗ്രന്ഥങ്ങളിലും പരാമർശിക്കുന്നുണ്ട്. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള വിഭജനങ്ങളുടെ സ്ഥാനത്ത് പ്രത്യേകാതിർത്തികളോടു കൂടിയ ഭൂപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള ഈ പുതിയ വിഭജനങ്ങൾ പ്രത്യക്ഷപ്പെട്ടത് പെട്ടെന്നല്ല; നീണ്ട കാലത്തെ മാറ്റങ്ങളിലൂടെയാണ്. ആദ്യകാലത്തെ രാജ്യങ്ങളെ വിശകലനം ചെയ്തുകൊണ്ട് റൈസ് ഡേവിഡ്സ് എഴുതുകയുണ്ടായി:

> “ഒരു കാര്യം മനസ്സിലാക്കുന്നത് രസകരമായിരിക്കും: പേരുകൾ രാജ്യങ്ങളുടേതല്ല, ജനസമൂഹങ്ങളുടേതാണ്. തുർക്കികൾ, ഇറ്റലിക്കാർ എന്നും മറ്റും പറയുന്നതു പോലെയാണിത്. മുകളിൽ പറഞ്ഞ പേരുകളുടെ പട്ടികയുണ്ടാക്കിയവർ, അല്ലെങ്കിൽ അത് ഉപയോഗിച്ചവർ, ചിന്തിച്ചിരുന്നത് മുഖ്യമായും ഗോത്രങ്ങളുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ ഭൂമിശാസ്ത്രപരമായ അടിസ്ഥാനത്തിലല്ല, എന്നാണിതു കാണിക്കുന്നത്”. [35]

കുലഗോത്രവ്യവസ്ഥയിൽ നിന്ന് രാഷ്ട്രവ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തെയാണിതു സൂചിപ്പിക്കുന്നത് എന്നു തോന്നുന്നു. നീണ്ടകാലത്തെ വളർച്ചക്കിടയിൽ ഗോത്രങ്ങളുടെ പേരുകൾ രാജ്യങ്ങളുടെ പേരുകളായി മാറിയിട്ടുണ്ടാവാം. വർണ്ണവ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള രാജ്യങ്ങളിൽ ഗോത്രജീവിതത്തിന്റെ അവശിഷ്ടങ്ങൾ പ്രബലമായിരുന്നു എന്നും പ്രാകൃതകമ്യൂണിസത്തിന്റെ ഘടകങ്ങൾ തികച്ചും അപ്രത്യക്ഷമാവുകയുണ്ടായില്ല എന്നുമാണിതു കാണിക്കുന്നത്. പ്രാചീന ഗ്രീസ്സിലും റോമിലും നിലനിന്നിരുന്നതു പോലെയുള്ള അടിമത്തവ്യവസ്ഥ ഇന്ത്യയിൽ ദൃഢമൂലമാവാതിരിക്കാനുള്ള ഒരു മുഖ്യകാരണവും ഇതുതന്നെയാവാം.

---

33. ബലവാൻ ജായതോ രാജാ. മ. ഭാ., ഉദ്യോഗപർവം, XI, 4.
34. ചാതുർവർണ്യസ്യ ധർമാശ്ച രക്ഷിതവ്യാ മഹീക്ഷിതാ. മ.ഭാ., ശാന്തിപർവം, LVII, 13.
35. Rhys Davids: Budhist India, P. 14.

# 7 ദണ്ഡനീതി

രാജ്യങ്ങൾ ആവിർഭവിക്കുകയും ശക്തിപ്പെടുകയും ചെയ്തത് ഒരേ സമയത്തല്ല എന്നു കൂടി ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. ക്രി. മു. ഏഴാം നൂറ്റാണ്ടോടുകൂടി ചില രാജ്യങ്ങൾ സുശക്തങ്ങളായിക്കഴിഞ്ഞിരുന്നു. മറ്റുചില രാജ്യങ്ങൾ ദുർബലങ്ങളും. ചില പ്രദേശങ്ങളിൽ രാജ്യങ്ങളും ഭരണകൂടങ്ങളും വളരാൻ തുടങ്ങിയ ഘട്ടങ്ങളിൽ തന്നെ ഗോത്രവ്യവസ്ഥയുടെ വിവിധ നിലവാരങ്ങളിൽ പ്രാകൃതമതവിശ്വാസങ്ങളോടും വ്യത്യസ്തങ്ങളായ ആചാരങ്ങളോടും കൂടി ജീവിച്ചിരുന്ന അപരിഷ്കൃത ജനസമൂഹങ്ങളുമുണ്ടായിരുന്നു. ശക്തിയുള്ള രാജാക്കന്മാർ ശക്തികുറഞ്ഞ പ്രദേശങ്ങളെയും ജനസമൂഹങ്ങളെയും ആക്രമിച്ചു കീഴടക്കി സ്വന്തം രാജ്യാതിർത്തികൾ വിപുലമാക്കാനുള്ള പരിശ്രമങ്ങളും ആരംഭിച്ചു കഴിഞ്ഞിരുന്നു. കെട്ടിപ്പിണഞ്ഞ ഈ സാമൂഹ്യസാഹചര്യങ്ങളിൽ വർണ്ണവ്യവസ്ഥയുടെ നിയമങ്ങളെയും സ്വത്തുടമബന്ധങ്ങളെയും കാത്തുരക്ഷിക്കുക എന്നതായിരുന്നു രാജാവിന്റെ ധർമ്മം. രാജ്യത്തിന് സമാധാനവും പുരോഗതിയും സുരക്ഷിതത്വവും വേണമെങ്കിൽ ഓരോ വ്യക്തിയും സ്വധർമ്മം പാലിക്കണം. സ്വധർമ്മം പാലിക്കാത്തവരെ ശിക്ഷിക്കാൻ രാജാവിനുധികാരമുണ്ടായിരുന്നു. അപരാധികളെ ശിക്ഷിക്കേണ്ടത് രാജ്യത്തിന്റെ പരിശുദ്ധിക്കാവശ്യമാണ്. [36] ദണ്ഡനീതി, അതായത്, ശിക്ഷാവിധികളും മർദ്ദനമുറകളും, ഭരണകൂടത്തിന്റെ അവിഭാജ്യഘടകമാണ്. ദണ്ഡത്തിന്റെ സഹായത്തോടുകൂടിയാണ് രാജാവ് ധർമ്മപരിപാലനം നടത്തുന്നത്. രാജാവ് ദണ്ഡം ഉപയോഗിച്ചില്ലെങ്കിൽ ജനങ്ങൾ സ്വധർമ്മങ്ങളിൽ നിന്നു വ്യതിചലിക്കും. ദണ്ഡത്തെ പേടിക്കുന്നതു കൊണ്ടാണ് ജനങ്ങൾ ധർമ്മമനുഷ്ഠിക്കുന്നത്. അതുകൊണ്ടാണ് ദണ്ഡം തന്നെയാണ് ധർമ്മം എന്നു മനു പ്രഖ്യാപിക്കുന്നത്. [37]

ദണ്ഡനീതി ഇന്ത്യയിൽ മാത്രമല്ല മറ്റു രാജ്യങ്ങളിലുമുണ്ടായിരുന്നു. പ്രാചീന ഗ്രീസിലും റോമിലും പ്രയോഗിക്കപ്പെട്ടിരുന്ന മർദ്ദനമുറകളുടെ കാഠിന്യം ഒട്ടുംതന്നെ കുറവായിരുന്നില്ല. നിലവിലുള്ള സ്വത്തുടമബന്ധങ്ങളെ കാത്തുരക്ഷിക്കാൻ വേണ്ടി പതിനായിരക്കണക്കിന് അടിമകളെ കുരിശിൽ തറച്ചുകൊല്ലുകയുണ്ടായി. എന്നിട്ടും അവർ മേലാളരുടെ ചൂഷണവ്യവസ്ഥയ്ക്കു വഴങ്ങാൻ കൂട്ടാക്കിയില്ല. പ്രാചീനറോമിലെ അടിമകൾ ദണ്ഡനീതിയെ കൂട്ടാക്കാതെ ഭരണകൂടത്തെയാകെ കിടിലം കൊള്ളിച്ച ഒട്ടനവധി ലഹളകൾ നടത്തി.

ഇന്ത്യയിലെ ശൂദ്രന്മാരും ദാസന്മാരും അത്തരത്തിലുള്ള സംഘട്ടനങ്ങൾക്കും സായുധലഹളകൾക്കും തയ്യാറാകാഞ്ഞതെന്തുകൊണ്ടാണ്? വർണ്ണവ്യവസ്ഥയിൽ മതവിശ്വാസങ്ങൾക്കും മതാചാരങ്ങൾക്കും ഉണ്ടായിരുന്ന പങ്കെന്തെന്നു മനസ്സിലാക്കിയാലേ ഈ ചോദ്യത്തിന് തൃപ്തികരമായ സമാധാനം കണ്ടെത്താൻ കഴിയൂ.

യഥാർത്ഥത്തിൽ, ഇന്ത്യയിലെ ചാതുർവർണ്യം പാശ്ചാത്യരാജ്യങ്ങളിലെ അടിമത്തവ്യവസ്ഥയെപ്പോലെ വെറുമൊരു വർഗ്ഗവിഭജനമായിരുന്നില്ല. അത് മതവിശ്വാസങ്ങളുമായി അത്രമേൽ ഇഴുകിച്ചേർന്നതായിരുന്നു. വർണ്ണവ്യവസ്ഥയുടെ അവിഭാജ്യഘടകമായിരുന്നു ബ്രാഹ്മണമതം. ബ്രാഹ്മണമതമാണ് ചാതുർവർണ്യത്തെ ആത്മീയമായ ഒരു അടിത്തറയിൽ ഉറപ്പിച്ചു നിർത്തിയത്.

---

36. അപരാധിഷു യോ ദണ്ഡഃ സ രാഷ്ട്രസ്യ വിശുദ്ധയേ. മഹാഭാരതം, ശാന്തിപർവം.
37. ദണ്ഡം ധർമം വിദുർ ബുധാഃ മനുസ്മൃതി, VII. 18.

## 8 പുരുഷാർത്ഥങ്ങൾ

നാലു വർണ്ണങ്ങൾ, നാലു പുരുഷാർത്ഥങ്ങൾ, നാല് ആശ്രമങ്ങൾ, പൂജയും യജ്ഞവും, കർമ്മത്തിലും, പുനർജന്മത്തിലുമുള്ള വിശ്വാസം — ഇവയാണ് ബ്രാഹ്മണമതത്തിന്റെ മുഖ്യഘടകങ്ങൾ. പരസ്പരം ബന്ധപ്പെട്ട ഈ ഘടകങ്ങളാണ് വർണ്ണവ്യവസ്ഥയിൽ ഓരോ വ്യക്തിയുടെയും ജീവിതരീതിയെ രൂപപ്പെടുത്തിയത്.

ധർമ്മം, അർത്ഥം, കാമം, മോക്ഷം — ഇവയാണ് പുരുഷാർത്ഥങ്ങൾ, അല്ലെങ്കിൽ ജീവിതലക്ഷ്യങ്ങൾ. ഇവയിൽ ആദ്യത്തെ മൂന്നു ലക്ഷ്യങ്ങൾ വർണ്ണവ്യവസ്ഥയ്ക്കു മുമ്പും ഉണ്ടായിരുന്നു. മോക്ഷം എന്ന ലക്ഷ്യം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണെന്നു തോന്നുന്നു. ഋഗ്വേദത്തിൽ മോക്ഷത്തെപ്പറ്റി യാതൊരു പരാമർശവുമില്ല. ആദ്യകാലത്തെ ആര്യന്മാർ മരണാനന്തരജീവിതത്തെയും മോക്ഷത്തെയുമല്ല, അർത്ഥത്തെ (സമ്പത്തിനെ)യും കാമത്തെ (ലൈംഗികസുഖത്തെ)യുമാണ് ആരാഞ്ഞത്. സുഖമായ ഭക്ഷണവും സ്നേഹം നിറഞ്ഞ കുടുംബവും ദീർഘായുസ്സും ആരോഗ്യവും ഐഹികജീവിതത്തെ ആനന്ദമയമാക്കാനാവശ്യമായ മറ്റു ഭൗതികവിഭവങ്ങളുമാണ് അവർ ആഗ്രഹിച്ചത്. പക്ഷേ, സമുദായത്തിൽ പരസ്പരം ബന്ധപ്പെട്ടുകൊണ്ടും സഹകരിച്ചുകൊണ്ടും മാത്രമേ ഈ ലക്ഷ്യങ്ങൾ നേടാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് വ്യക്തിയുടെ ജീവിതത്തിന് ചില നിയന്ത്രണങ്ങളും സാമൂഹ്യബന്ധങ്ങൾക്ക് ചില ക്രമീകരണങ്ങളും ആവശ്യമായിത്തീർന്നു. ഈ ആവശ്യങ്ങളാണ് ധർമ്മത്തിന്റെ ഉറവിടം. വഹിക്കുക അല്ലെങ്കിൽ താങ്ങിനിർത്തുക എന്നർത്ഥമുള്ള ധൃ എന്ന ധാതുവിൽ നിന്നാണ് ധർമ്മം എന്ന പദം ഉൽഭവിച്ചത് എന്ന് പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. സാമൂഹ്യക്രമത്തെ നിലനിർത്തുന്നതെന്തോ അതാണ് ധർമ്മം. [38] ധർമ്മമാണ് വ്യക്തിക്ക് കുടുംബത്തോടും സമൂഹത്തോടുമുള്ള ബന്ധങ്ങളെ നിർണ്ണയിച്ചത്. വർണ്ണവ്യവസ്ഥയുടെ ആവിർഭാവത്തിന് മുമ്പ് ധർമ്മം എന്ന വാക്ക് ഉപയോഗിക്കപ്പെട്ടിരുന്നത് ആചാരം എന്ന അർത്ഥത്തിലാണ്. ആചാരമാണ് ധർമ്മത്തിന്റെ ലക്ഷണവും അടിസ്ഥാനവും എന്നും ആചാരത്തിൽ നിന്നാണ് ധർമ്മം ഉണ്ടായത് എന്നും മഹാഭാരതത്തിലെ ഉദ്യോഗപർവത്തിൽ പറയുന്നുണ്ട്. [39] കാലദേശങ്ങളിലെ മാറ്റങ്ങൾക്കനുസരിച്ച് ധർമ്മത്തിനും മാറ്റമുണ്ടാകുമെന്ന് ശാന്തിപർവത്തിലൊരിടത്ത് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. [40] മറ്റൊരിടത്ത് ധർമ്മത്തെ ദേശധർമ്മം, ജാതിധർമ്മം, കുലധർമ്മം എന്നിങ്ങനെ തരംതിരിക്കുന്നു.

വർണ്ണവ്യവസ്ഥയുടെ ആവിർഭാവത്തോടുകൂടി സാമൂഹ്യാസമത്വങ്ങളെയും ധനികവർഗ്ഗക്കാരുടെ പ്രത്യേകാവകാശങ്ങളെയും കാത്തുരക്ഷിക്കാൻ പറ്റിയ പുതിയ ക്രമീകരണങ്ങളും പുതിയ നിയമങ്ങളും പുതിയ ആചാരക്രമങ്ങളും ആവശ്യമായിത്തീർന്നു. ധർമ്മത്തിന് പുതിയ ഒരർത്ഥം കല്പിക്കപ്പെട്ടു. ഓരോ വ്യക്തിയും സ്വധർമ്മം പാലിക്കണം; സ്വന്തം വർണ്ണത്തിനു വിധിക്കപ്പെട്ട പ്രവൃത്തികൾ ചെയ്യണം. ബ്രാഹ്മണൻ ബ്രാഹ്മണന്റെ ധർമ്മവും ക്ഷത്രിയൻ ക്ഷത്രിയന്റെ ധർമ്മവും വൈശ്യൻ വൈശ്യന്റെ ധർമ്മവും ശൂദ്രൻ ശൂദ്രന്റെ ധർമ്മവും പാലിക്കണം. ഇല്ലെങ്കിൽ ചാതുർവർണ്യത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥ തകരും. ധർമ്മമാണ് ചാതുർവർണ്യത്തിന്റെ അസ്തിവാരം.

വർണ്ണവ്യവസ്ഥയിൽ വ്യക്തിയുടെ ജീവിതകാലമാകെ നാലു ഘട്ടങ്ങളായി വിഭജിക്കപ്പെട്ടു. ഈ ഘട്ടങ്ങൾക്ക് ആശ്രമങ്ങൾ എന്നുപറയുന്നു. കുട്ടിക്കാലത്ത് ഏതെങ്കിലും ഗുരുവിന്റെ കീഴിൽ വിദ്യയഭ്യസിക്കണം. ഈ ഘട്ടത്തിൽ ബ്രഹ്മചര്യം പാലിക്കണമെന്നത് നിർബന്ധമാണ്. ഐഹികങ്ങളായ സുഖഭോഗങ്ങളെല്ലാം വർജിക്കണം. ബ്രഹ്മചര്യാശ്രമം കഴിഞ്ഞാൽ ഗൃഹസ്ഥാശ്രമമായി. വിവാഹം കഴിക്കാനും സ്വത്തു സമ്പാദിക്കാനും ഐഹികസുഖങ്ങളാസ്വദിക്കാനും സാമൂഹ്യരാഷ്ട്രീയപ്രവർത്തനങ്ങളിലേർപ്പെടാനും സാഹിത്യം, തത്വചിന്ത, കല തുടങ്ങിയ രംഗങ്ങളിൽ പ്രാഗത്ഭ്യം നേടാനും പറ്റിയ ഘട്ടമാണിത്. എന്നുവെച്ചാൽ, അർത്ഥം, കാമം എന്നീ പുരുഷാർത്ഥങ്ങൾ നേടാൻ പറ്റിയ ഘട്ടം. അർത്ഥം സാമ്പത്തികലക്ഷ്യമാണെങ്കിൽ കാമം വൈകാരികലക്ഷ്യമാണ്. മൂന്നാമത്തെ ഘട്ടത്തിന് വാനപ്രസ്ഥാശ്രമം എന്നുപറയുന്നു. ജീവിതസംഘട്ടനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി ആദ്ധ്യാത്മികപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് ഈ ഘട്ടത്തിലാണ്. അവസാനത്തെ ആശ്രമമാണ് സന്ന്യാസം; സ്വത്തുക്കളെല്ലാം പുത്രപൗത്രന്മാർക്കും മറ്റു ബന്ധുക്കൾക്കും ഏല്പിച്ചു കൊടുത്ത് ഭൗതികസുഖങ്ങളെല്ലാം ത്യജിച്ച് മോക്ഷം നേടാൻ തയ്യാറെടുക്കുന്ന ഘട്ടം.

ഇങ്ങനെ പുരുഷാർത്ഥങ്ങൾ മനുഷ്യന്റെ ഭൗതികവും ശാരീരികവും ബൗദ്ധികവും സാംസ്കാരികവും ആത്മീയവുമായ എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നു. ഭൗതികസുഖങ്ങളും ലൈംഗികാനന്ദങ്ങളും നിഷേധിക്കപ്പെടുന്നില്ല. പക്ഷേ, പരമമായ ലക്ഷ്യം ആത്മസാക്ഷാൽക്കാരമാണ്, മോക്ഷമാണ്. അതിനു തടസ്സമായതെന്തും നിഷിദ്ധമാണ്. മറ്റുവിധത്തിൽ പറഞ്ഞാൽ, ധർമ്മവും അർത്ഥവും കാമവും മോക്ഷത്തിലേക്കുള്ള വഴികളാണ്.

വർണ്ണാശ്രമധർമ്മങ്ങളും പുരുഷാർത്ഥങ്ങളും ശൂദ്രന്മാർക്കു ബാധകമായിരുന്നില്ല എന്നു പറയേണ്ടതില്ലല്ലോ. അവർക്ക് ഒരേയൊരു ധർമ്മമേയുണ്ടായിരുന്നുള്ളൂ: ധനികവർണ്ണക്കാരെ പരിചരിക്കുക.

വർണ്ണാശ്രമധർമ്മങ്ങൾക്കും പുരുഷാർത്ഥങ്ങൾക്കും മതപരമായ ഒരു അടിത്തറ നൽകിക്കൊണ്ട് വർഗ്ഗവ്യത്യാസങ്ങളെ നിലനിർത്താൻ ശ്രമിച്ചു എന്നതാണ് ബ്രാഹ്മണമേധാവിത്വത്തിന്റെ ഒരു മുഖ്യമായ സംഭാവന. വർണ്ണസമുദായത്തിൽ പ്രാക്വർണസമുദായത്തിലെ മതവിശ്വാസങ്ങളും മതച്ചടങ്ങുകളും അപ്പാടെ ഉപേക്ഷിക്കപ്പെടുകയുണ്ടായില്ല. നേരെമറിച്ച്, ഋഗ്വേദസൂക്തങ്ങളുടെ ആധികാരികവക്താക്കളും സംരക്ഷകരുമായിട്ടാണ് ബ്രാഹ്മണപുരോഹിതന്മാർ ശക്തിയാർജിച്ചത്. വേദങ്ങളെ അവർ പുതിയ മതത്തിന്റെ അസ്ഥിവാരമാക്കി നിലനിർത്തി. യജ്ഞങ്ങളെയും മന്ത്രവാദചടങ്ങുകളെയും അവർ പുതിയ മതത്തിന്റെ അവിഭാജ്യ ഘടകങ്ങളാക്കി മാറ്റി. അനാര്യന്മാരായ പ്രാചീനഗോത്രവർഗ്ഗക്കാരുടെ ചില വിശ്വാസങ്ങളെപ്പോലും അവർ സ്വന്തമാക്കിയെടുത്തു. സർവാത്മവാദം തുടങ്ങിയ പ്രാകൃതവിശ്വാസങ്ങൾക്ക് അവർ ധാർമ്മികമായ പുതിയൊരു അർത്ഥം നൽകി. മരിച്ചുകഴിഞ്ഞാൽ ആത്മാവ് ശരീരത്തിൽ നിന്ന് വേറിട്ടു പോകുകയും മറ്റൊരു ശരീരത്തിൽ പ്രവേശിക്കുകയും ചെയ്യുമെന്ന വിശ്വാസമാണ് കർമ്മത്തെപ്പറ്റിയും പുനർജന്മത്തെപ്പറ്റിയുമുള്ള സിദ്ധാന്തങ്ങളുടെ അടിസ്ഥാനം. രാധാകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, “കർമ്മം, പുനർജന്മം എന്നിവയെക്കുറിച്ചുള്ള സങ്കല്പങ്ങൾ നിസ്സംശയമായും ആര്യന്മാരുടെ മസ്തിഷ്കത്തിൽ നിന്നുണ്ടായവയാണ്. പക്ഷേ, മരണത്തിനുശേഷം തങ്ങളുടെ ആത്മാക്കൾ മൃഗശരീരങ്ങളിൽ ജീവിച്ചിരിക്കും എന്നു വിശ്വസിച്ചിരുന്ന ആദിമനിവാസികളിൽ നിന്നുവന്ന ധാരണകളായിരിക്കാം അവ എന്ന കാര്യം നിഷേധിക്കേണ്ടതില്ല”. [41]

---

38. ധാരണാദ്ധർമമിത്യാഹുർ ധർമോ ധാരയതേ പ്രജാഃ
യത്സ്യാദ്ധാരണസംയുക്തംസ ധർമ ഇതി നിശ്ചയഃ
— മഹാഭാരതം, കർണപർവം.

39. ആചാരഃ ഫലതേ ധർമഃ മ. ഭാ. ഉദ്യോഗപർവം
ധർമസ്യ നിഷ്ഠാ ത്വാചാരഃ
— ടി.

40. അന്യേ കൃതയുഗേ ധർമാ സ്ത്രേതായാം ദ്വാപരേ പരേ
അന്യേ കലിയുഗേ ധർമാ യഥാശക്തി കൃതാ ഇവ
— മ.ഭാ. ശാന്തിപർവം.

41. S. Radhakrishnan: Indian Philosophy, Vol. P. 136.

## 9 കർമ്മവും പുനർജന്മവും

കർമ്മം എന്ന പദത്തിന് ആരംഭത്തിൽ പ്രവൃത്തി എന്നു മാത്രമായിരുന്നു അർത്ഥം. പിന്നീട് അതിന് മതപരമായ ഒരർത്ഥം ലഭിച്ചു. ഓരോ കർമ്മത്തിനും നിശ്ചിതമായ ഫലമുണ്ടെന്നു സങ്കല്പിക്കപ്പെട്ടു. സുഖവും ദുഃഖവും സമ്പത്തും ദാരിദ്ര്യവും ആരോഗ്യവും രോഗവും എല്ലാം കർമ്മഫലങ്ങളാണ്. സൽക്കർമ്മത്തിന് നല്ല ഫലവും ദുഷ്കർമ്മത്തിന് ചീത്ത ഫലവുമുണ്ടാകുന്നു. ഓരോ വ്യക്തിയും തന്റെ സ്വന്തം വർണ്ണത്തിന് വിധിക്കപ്പെട്ട ധർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനാണ് സൽക്കർമ്മം എന്നു പറയുന്നത്. ബ്രാഹ്മണൻ ദാസ്യവേല ചെയ്യുന്നത് ചീത്തയാണ്. ശൂദ്രൻ വേദം പഠിക്കുന്നതും അതുപോലെ നിഷിദ്ധമായ ദുഷ്കർമ്മമാണ്. പക്ഷേ, ഒരാൾ ബ്രാഹ്മണനായും മറ്റൊരാൾ ശൂദ്രനായും ജനിക്കുന്നതെന്തുകൊണ്ടാണ്? അതും കർമ്മഫലം തന്നെ. മുജ്ജന്മത്തിൽ ചെയ്ത കർമ്മങ്ങളുടെ ഫലം.

ഇങ്ങനെ കർമ്മനിയമം പുനർജന്മസിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരാൾ ഏതു വർണ്ണത്തിൽ ജനിക്കുന്നു എന്നത് അവന്റെ സ്വന്തം കർമ്മത്തെ ആശ്രയിച്ചാണിരിക്കുന്നത്. കർമ്മഫലം അനുഭവിച്ചേ തീരൂ. ഈ ജന്മത്തിലല്ലെങ്കിൽ അടുത്ത ജന്മത്തിൽ; അല്ലെങ്കിൽ അതിന്നപ്പുറമുള്ള ജന്മത്തിൽ. സൽക്കർമ്മങ്ങൾ ചെയ്യുകയും സ്വധർമ്മം പാലിക്കുകയും ചെയ്താൽ ഉയർന്ന വർണ്ണത്തിൽ ജനിക്കാം. സൽക്കർമ്മങ്ങൾ ചെയ്യാത്തവന്റെ ഭാവി കഷ്ടംതന്നെ. അടുത്തജന്മത്തിൽ അവൻ താഴ്ന്ന വർണ്ണത്തിലേ ജനിക്കൂ. വലിയപാപം ചെയ്തവനാണെങ്കിൽ മൃഗമായോ പുഴുവായോ ജനിക്കും! കർമ്മനിയമം അലംഘനീയമാണ്.

കർമ്മത്തിലും പുനർജന്മത്തിലുമുള്ള വിശ്വാസം വർഗ്ഗസംഘട്ടനങ്ങളുടെ കാഠിന്യത്തെ ലഘൂകരിക്കാനും അങ്ങനെ വർണ്ണാശ്രമവ്യവസ്ഥയെ കാത്തുരക്ഷിക്കാനും സഹായിച്ചു. ധനികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം അത് ചൂഷണപ്രക്രിയയിൽ നിന്ന് ഉളവാകുന്ന കുറ്റബോധത്തിൽ നിന്നും മനസ്സാക്ഷിക്കുത്തുകളിൽ നിന്നും രക്ഷപെടാനുള്ള ഒരു മാർഗ്ഗമായിരുന്നു. അവർ ഭൂരിപക്ഷക്കാരായ ജനങ്ങളെ മർദ്ദിക്കുന്നുണ്ടെങ്കിൽ അത് അവരുടെ കുറ്റമല്ല, മർദ്ദനമനുഭവിക്കുന്നവരുടെ കുറ്റമാണ്. അവർ ഉയർന്ന വർണ്ണത്തിൽ ജനിച്ചതും സുഖഭോഗങ്ങളിൽ ആറാടുന്നതും എല്ലാം കഴിഞ്ഞ ജന്മത്തിൽ ചെയ്ത സുകൃതത്തിന്റെ ഫലമാണ്. ഈ ജന്മത്തിൽ സ്വധർമ്മം പാലിച്ചാൽ അടുത്ത ജന്മത്തിലും സുഖമനുഭവിക്കാം. പുനർജന്മവിശ്വാസം ധനികവർഗ്ഗക്കാർക്കു മാത്രമല്ല മർദ്ദിതവർഗ്ഗക്കാർക്കും ആശ്വാസം നൽകി. അവരനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കും മർദ്ദനങ്ങൾക്കും മറ്റാരുമല്ല ഉത്തരവാദി. അവരുടെതന്നെ കർമ്മത്തിന്റെ ഫലങ്ങളാണവ. കർമ്മനിയമം അലംഘനീയമായതുകൊണ്ട് ദുഃഖങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചേതീരു. മർദ്ദകവർഗ്ഗക്കാർക്കെതിരായി ലഹളകൾ നടത്തുകയോ നിലവിലുള്ള സാമൂഹ്യഘടനയെ മാറ്റാൻ ശ്രമിക്കുകയോ ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. വിധിക്കു കീഴടങ്ങിക്കൊണ്ട് മുറുമുറുപ്പു കൂടാതെ ഉയർന്ന വർണ്ണക്കാരെ സേവിക്കുകയാണാവശ്യം. എന്നാൽ അടുത്ത ജന്മത്തിലെങ്കിലും രക്ഷകിട്ടും.

ജനങ്ങൾക്കിടയിൽ പരന്നുപിടിച്ച ഇത്തരം മതവിശ്വാസങ്ങളാണ്, രാജാവിന്റെ ദണ്ഡനീതിയെക്കാളധികം, വർണ്ണവ്യവസ്ഥയെ കാത്തുരക്ഷിച്ചത്. ദണ്ഡനീതിക്കുതന്നെ മതത്തിന്റേതായ ഒരാവരണമുണ്ടായിരുന്നു. വൈദികപൗരോഹിത്യമാണ് രാജകീയാധികാരത്തെ സുദൃഢവും ഭദ്രവുമാക്കി നിലനിർത്താൻ സഹായിച്ചത്. രാജാധികാരം ദൈവദത്തമാണെന്നും അതിനെ ആരാധിക്കേണ്ടത് പ്രജകളുടെ ധർമ്മമാണെന്നും ഉൽഘോഷിച്ചുകൊണ്ട് പൗരോഹിത്യം ഭരണകൂടത്തിന് ആത്മീയമായ ഒരു പിൻബലം നൽകി. രാജാവിന്റെ കല്പനകൾ അനുസരിക്കുകയും വർണ്ണവ്യവസ്ഥയ്ക്കു വഴങ്ങുകയും ചെയ്യാത്തവർക്ക് ഇഹത്തിലും പരത്തിലും രക്ഷയില്ലെന്ന് അതു പ്രഖ്യാപിച്ചു. രാജാവിന്റെ ശ്രേയസ്സും ഖ്യാതിയും ഉയർത്താൻ വേണ്ടി അത് രാജസൂയം, അശ്വമേധം തുടങ്ങിയ സങ്കീർണ്ണങ്ങളായ യജ്ഞങ്ങൾ സംഘടിപ്പിച്ചു.

ചരിത്രപരമായി നോക്കുമ്പോൾ ചാതുർവർണ്ണ്യവും അതിനെ നിലനിർത്താൻ ശ്രമിച്ച വൈദികമതവും പുരോഗമനപരമായ ഒരു പങ്കു വഹിച്ചിട്ടുണ്ടെന്ന കാര്യം നിഷേധിക്കാൻ വയ്യ. പ്രവൃത്തിവിഭജനം ഉൽപ്പാദനശക്തികളുടെ വളർച്ചയ്ക്കാവശ്യമായിരുന്നു. കൃഷിയും കച്ചവടവും കൈത്തൊഴിലുകളും അഭിവൃദ്ധിപ്പെട്ടു. ധനികവിഭാഗക്കാർക്ക് കായികാദ്ധ്വാനത്തിൽ നിന്ന് മോചനം ലഭിച്ചതുകൊണ്ട് തങ്ങളുടെ ഒഴിവുസമയം ബൗദ്ധികവും കലാപരവുമായ പ്രവർത്തനങ്ങളിൽ വിനിയോഗിക്കാൻ സാധിച്ചു. സാഹിത്യം, കല, വൈദ്യം, വ്യാകരണം, ജ്യോതിഷം, തത്വചിന്ത മുതലായവയ്ക്ക് വലിയൊരുത്തേജനം ലഭിച്ചു. ചുരുക്കത്തിൽ, സമൂഹമാകെ പുതിയൊരു ഘട്ടത്തിലേക്കുയർന്നു.

# 10 മാനസിക സംഘർഷങ്ങൾ

എന്നാൽ, ചാതുർവർണ്ണ്യം ചൂഷണാധിഷ്ഠിതമായ ഒരു സാമൂഹ്യവ്യവസ്ഥയായിരുന്നു. സമൂഹത്തിന്റെ പുരോഗതിയെന്നുവെച്ചാൽ ഉയർന്ന വർണ്ണക്കാരുടെ പുരോഗതി എന്നായിരുന്നു അർത്ഥം. ശൂദ്രന്മാരുടെ സ്ഥിതി അധികമധികം ശോചനീയമായിത്തീർന്നു. അവർ കൂടുതൽ കൂടുതൽ അസ്വസ്ഥരും അസംതൃപ്തരുമായി.

ധനികവർഗ്ഗക്കാരുടെ ഇടയിൽത്തന്നെ വൈവിധ്യങ്ങൾ മൂർച്ഛിച്ചു. വർണ്ണവ്യവസ്ഥയിൽ ഏറ്റവും ഉയർന്ന സ്ഥാനം ബ്രാഹ്മണർക്കായിരുന്നു. യജ്ഞങ്ങളുടെ പ്രാധാന്യത്തോടൊപ്പം അവരുടെ അന്തസ്സും പദവിയും വർദ്ധിച്ചു. സാമൂഹ്യോൽപ്പന്നങ്ങളുടെ ഗണ്യമായ ഭാഗം അവരുടെ കൈയിലാണ് കേന്ദ്രീകരിച്ചത്. ഈ സ്ഥിതി വ്യാപാരാഭിവൃദ്ധിക്കും രാജ്യാതിർത്തികളുടെ വിപുലീകരണത്തിനും എതിരായിത്തീർന്നു. വൈശ്യന്മാരുടെയും ക്ഷത്രിയരുടെയും അസംതൃപ്തി വർദ്ധിച്ചു. പൗരോഹിത്യത്തിന്റെ ഭൗതികവും ആത്മീയവുമായ ചൂഷണത്തിനെതിരായി അവർ ശബ്ദമുയർത്താൻ തുടങ്ങി. ബ്രാഹ്മണരുടെ ആധിപത്യവും സാമൂഹ്യമായ ഉച്ചനീചത്വങ്ങളെ നിലനിർത്താൻ വേണ്ടി അവർ ഉയർത്തിപ്പിടിച്ച മൂല്യങ്ങളും ചോദ്യം ചെയ്യപ്പെട്ടു. നിലവിലുള്ള മതവിശ്വാസങ്ങൾക്ക് ഇളക്കംതട്ടി. സാമൂഹ്യ ജീവിതത്തിലെ വർഗ്ഗവൈരുദ്ധ്യങ്ങൾ ബൗദ്ധികവും ആത്മീയവുമായ മേഖലകളിലും പ്രതിഫലിച്ചു. കാലഹരണപ്പെട്ട വിശ്വാസങ്ങളുടെയും പഴയ മൂല്യങ്ങളുടെയും സ്ഥാനത്ത് പുതിയ വിശ്വാസങ്ങളും പുതിയ മൂല്യങ്ങളും ഉയർത്തിപ്പിടിക്കപ്പെട്ടു. ക്രി.മു. ആറാം നൂറ്റാണ്ടോടുകൂടി ഒട്ടനവധി ചിന്തകന്മാർ ഉയർന്നുവന്നു. ജീവിതത്തിന്റെ അർത്ഥത്തെപ്പറ്റിയും ലക്ഷ്യത്തെപ്പറ്റിയും ആത്മാവിനെപ്പറ്റിയും മരണാനന്തരജീവിതത്തെപ്പറ്റിയുമെല്ലാം അവർ നീണ്ടുനിന്ന വാദപ്രതിവാദങ്ങൾ നടത്തി. രാധാകൃഷ്ണൻ എഴുതുന്നു:

> "ലോകവും ആത്മാവും പരിമിതമാണോ, അതോ അപരിമിതമാണോ എന്നതിനെപ്പറ്റി, രണ്ടുമാണോ അതോ ഒന്നുമല്ലയോ എന്നതിനെപ്പറ്റി, സത്യവും പ്രത്യക്ഷവും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി, ഇഹത്തിന്നപ്പുറത്ത് ഒരു പരലോകമുണ്ടോയെന്നതിനെപ്പറ്റി, മരണാനന്തരം ആത്മാവ് നിലനിൽക്കുമോ എന്നതിനെപ്പറ്റി, മനഃശക്തിയുടെ സ്വാതന്ത്ര്യത്തെപ്പറ്റി — എല്ലാറ്റിനെപ്പറ്റിയും തീവ്രമായ വാദപ്രതിവാദങ്ങൾ നടന്നു. ചില ചിന്തകന്മാർ മനസ്സും ആത്മാവും ഒന്നാണെന്നു വാദിച്ചപ്പോൾ മറ്റു ചിലർ അവ വ്യത്യസ്തങ്ങളാണെന്നു പറഞ്ഞു. ഈശ്വരനാണ് എല്ലാറ്റിനും ഉപരിയായിട്ടുള്ളത് എന്നു ചിലർ വാദിച്ചപ്പോൾ മറ്റു ചിലർ മനുഷ്യന്റെ മഹത്വത്തെ ഉയർത്തിക്കാണിച്ചു. ഇത്തരം കാര്യങ്ങളെപ്പറ്റി ഒന്നും അറിയില്ലെന്നായിരുന്നു മറ്റു ചിലരുടെ അഭിപ്രായം. വേറെ ചിലർ വിശ്വസനീയമായ രീതിയിൽ വലിയ ആശകൾ ഉയർത്തിക്കാണിച്ചുകൊണ്ട് തങ്ങളുടെ ശ്രോതാക്കളെ ആശ്വസിപ്പിച്ചു. ചിലർ വിശദങ്ങളായ ആത്മീയസിദ്ധാന്തങ്ങൾ സൃഷ്ടിക്കുന്നതിൽ മുഴുകി. മറ്റുചിലർ അത്രതന്നെ ശ്രദ്ധയോടുകൂടി ആ സിദ്ധാന്തങ്ങളെ ഖണ്ഡിക്കാനൊരുങ്ങി. അങ്ങനെ വൈദികപാരമ്പര്യത്തിൽ നിന്നു സ്വതന്ത്രമായ പല സിദ്ധാന്തങ്ങളും ഉയർന്നുവന്നു. ബന്ധനവിമുക്തരായ നിഗ്രന്ഥന്മാർ, വൈദികമതവുമായി ബന്ധപ്പെടാൻ കൂട്ടാക്കാത്ത ശമനന്മാർ അല്ലെങ്കിൽ സന്ന്യാസികൾ, സംസാരത്തെ ത്യജിക്കുന്നതിലൂടെ ആത്മാവിനു ശാന്തി കൈവരുത്താൻ ശ്രമിച്ചവർ, ദീർഘകാലം ഭക്ഷണവും വെള്ളവുമുപേക്ഷിച്ച് ആത്മപീഡനം നടത്താനൊരുങ്ങിയവർ, ആദ്ധ്യാത്മികമായ കേവലസത്തയെ പിന്തുടർന്നവർ, താർക്കികന്മാർ, ദ്വന്ദ്വവാദികൾ, ഭൗതികവാദികൾ, സന്ദേഹവാദികൾ… പൂർവാപരവിരുദ്ധങ്ങളായ വൈദികസിദ്ധാന്തങ്ങളും അവ്യക്തങ്ങളായ തർക്കവിതർക്കങ്ങളും നിറഞ്ഞ പരികല്പനാത്മകമായ കുഴപ്പത്തിന്റെ ഘട്ടമായിരുന്നു അത്". [42]

മാനസികവും ആത്മീയവുമായ ഈ സംഘർഷാവസ്ഥയിൽ നിന്നാണ് തത്വചിന്തകൾ ഉയർന്നുവന്നത്.

---

42. S. Radhakrishnan: Indian Philosophy. Vol. I, PP. 352–353.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാട്ടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014